# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - എക്സിക്യൂട്ടീവ് ഡയറക്ടർ (എ & എഫ്)ന്റെ നടപടിക്രമം

*(എസ്. ഹരികിഷോർ, ഐഎഎസ്)*

വിഷയം: കുടുംബശ്രീ - സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ സംഘടിപ്പിക്കുന്ന ക്യാംപെയിൻ - മാർഗ്ഗരേഖ- സാമ്പത്തിക വിശകലനം എന്നിവ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

***ഉത്തരവ് നമ്പർ 660/എൽ/കെഎസ്എച്ച്ഒ തിയതി 27/01/2018***

കുടുംബശ്രീ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുക, സ്ത്രീ ശിശു സൗഹൃദ പ്രാദേശിക ഇടം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഒരു ക്യാംപെയിൻ ആസൂത്രണം ചെയ്തിട്ടുണ്ട്.

പ്രസ്തുത കാമ്പയിൻ 14 ജില്ലകളിലേയും മുഴുവൻ അയൽക്കൂട്ടങ്ങളിലും സംഘടിപ്പിക്കേണ്ടതുണ്ട്. പ്രസ്തുത ക്യാംപെയിൻ സംഘടിപ്പിക്കുന്നതിനുള്ള ജില്ലാ പ്രവർത്തനങ്ങൾക്കുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ, സാമ്പത്തിക വിശകലനം എന്നിവ അനുബന്ധം 1 ആയും, അയൽക്കൂട്ട ഫെസിലിറ്റേറ്റർക്കുള്ള പ്രവർത്തന മാർഗ്ഗരേഖ, പരിശീലന മൊഡ്യൂൾ എന്നിവ അനുബന്ധം 2 ആയും ഉള്ളടക്കം ചെയ്യുന്നു.

പ്രസ്തുത മാർഗ്ഗരേഖകളും സാമ്പത്തിക വിശകലനവും അടിസ്ഥാനമാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർമാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എൽ-സെക്ഷൻ
3. ശേഖരണ ഫയൽ/കരുതൽ

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.

നീതം 2018–

# നീതിക്കായൊരു കൂട്ടായ്മ.........

## കുടുംബശ്രീ ക്യാമ്പയിൻ

അതിക്രമങ്ങൾക്കെതിരേയുള്ള പ്രതിരോധവും പ്രതികരണവും അയൽക്കൂട്ടങ്ങളിൽ..................

# ആമുഖം

കേരളം സാമൂഹികമായി വികസിതമായ ഒരു സംസ്ഥാനമാണെന്ന് പല വികസന സൂചികകളിലൂടേയും ചൂണ്ടിക്കാട്ടുന്നു. വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക അവസ്ഥ തുടങ്ങിയവയിലെല്ലാം സാമൂഹിക പുരോഗതി പ്രാപിക്കുന്നു എന്നത് കൊണ്ട് തന്നെ കേരളം മാനുഷിക പുരോഗതിയിൽ ഒരു മാതൃകയായി വിലയിരുത്തപ്പെടുന്നു. ഇത് പലപ്പോഴും പല വികസിത രാജ്യങ്ങളോടുള്ള തുലനം ചെയ്യലും ആകുന്നു. കേരളത്തിലെ വികസന – വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ സ്ത്രീകളുടെ പ്രാതിനിധ്യവും നേതൃത്വവും കേരളത്തിലെ സാമൂഹിക മുന്നേറ്റത്തിന്റെ ഒരു പ്രധാന കാരണമാണ്. സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ കഴിഞ്ഞകാലങ്ങൾ വളരെയേറെ സഹായിച്ചിട്ടുണ്ട്.

കേരള സർക്കാർ 1998 ൽ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ ആരംഭിക്കുകയും സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുകയും ചെയ്തു. സാമ്പത്തിക, സാമൂഹിക, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ,കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി കേരള സമൂഹത്തിന്റെ, സ്ത്രീ മുന്നേറ്റങ്ങളുടെ പരിഛേദമായി നിലകൊള്ളുന്നു. ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ നിർവഹണത്തിലും സ്ത്രീ ശാക്തീകരണ പ്രവർത്തനത്തിലും ലോകരാജ്യങ്ങൾക്ക് മാതൃകയായി ഇന്ന് കുടുംബശ്രീ മാറിക്കഴിഞ്ഞു. 45 ലക്ഷം സ്ത്രീകളുടെ കൂട്ടായ്മ മറ്റൊരു സ്ത്രീ പ്രസ്ഥാനത്തിനും അവകാശപ്പെടാനില്ലാത്തതാണ്. സാമ്പത്തികവും സാമൂഹികവുമായി കേരള സമൂഹത്തിൽ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുന്നതിൽ കുടുംബശ്രീ വഹിച്ച പങ്ക് ചെറുതല്ല. ജനാധിപത്യ പ്രക്രിയയിൽ 50% പങ്കാളിത്തം തദ്ധേശസ്വയംഭരണസ്ഥാപനങ്ങളിൽ സ്ത്രീകൾക്കായി മാറ്റി വെക്കപ്പെട്ടപ്പോൾ കുടുംബശ്രീ അംഗങ്ങളും കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ വളർന്ന് പൊതു സമ്മതി നേടിയവരാണ് ജനപ്രതിനിധികളായവരിൽ കൂടുതലും. സ്ത്രീകളുടെ കൂട്ടായ്മയ്ക്ക് പൊതുസമൂഹത്തെ എങ്ങനെയെല്ലാം സ്വാധീനിക്കാൻ കഴിയും എന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണമായി ഈ മുന്നേറ്റത്തെ കാണാൻ സാധിക്കും.

കുടുംബശ്രീ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ അയൽക്കൂട്ട തലങ്ങൾ വരെ എത്തിക്കുന്നതിൽ സ്ത്രീ പദവി സ്വയംപഠന പ്രക്രിയ വളരെ സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. പ്രദേശിക വികസന പ്രക്രിയയിലും അതിക്രമങ്ങളേയും ചൂഷണങ്ങളേയും പ്രതിരോധിച്ചുകൊണ്ട് സ്ത്രീ ശിശു സൗഹൃദ ഇടം സൃഷ്ടിക്കുന്നതിലും അയൽക്കൂട്ട തലത്തിലെ സ്ത്രീ കൂട്ടായ്മകളുടെ നേതൃത്വത്തിൽ നടക്കുന്ന നിരന്തര ഇടപെടലുകൾ നല്ലൊരു ദൃഷ്ടാന്തമാണ്.

അയൽക്കൂട്ടതലങ്ങളിൽ നടക്കുന്ന കൂടിയിരുപ്പുകളും ചർച്ചകളും ഈ മാറ്റങ്ങൾക്ക് ഒരു പ്രധാന കാരണമാണ്. സ്വജീവിതാനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പഠന സഹായികളാണ് സ്ത്രീ പദവി

സ്വയംപഠന പ്രവർത്തനങ്ങളുടെ ഭാഗമായി അയൽക്കൂട്ട തലത്തിൽ ചർച്ചകൾക്കും പ്രവർത്തനങ്ങൾക്കുമായി നൽകിയത്.

സ്ത്രീയും തൊഴിലും, സ്ത്രീയും ആരോഗ്യവും, സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി നടക്കുന്ന പഠന പ്രവർത്തനങ്ങളിൽ അയൽക്കൂട്ട തലങ്ങളിൽ നടക്കുന്ന ചർച്ചകളും പഠന പ്രവർത്തനങ്ങളും ഒരു പ്രധാന പങ്ക് വഹിച്ചിരുന്നു. എന്നാൽ നിലവിൽ കേരളത്തിലെ മുഴുവൻ അയൽക്കൂട്ടങ്ങളേയും സജീവമായി നിലനിർത്തിക്കൊണ്ടുള്ള ചർച്ചകൾ നടക്കുന്നില്ല.

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സ്ത്രീകളുടെ കൂട്ടായ്മ എന്ന നിലയിൽ പ്രശസ്തമായ കുടുംബശ്രീ അംഗങ്ങൾക്ക് ഇത്തരം സാമൂഹിക അസമത്വങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേ നടക്കുന്ന അതിക്രമങ്ങൾക്കെതിരേയും പ്രതിരോധം തീർക്കുന്നതിനും അതിജീവിച്ചവരെ പിന്തുണച്ച് നീതി ലഭ്യമാക്കുന്നതിനുമായി പ്രവർത്തിക്കുന്നതിനും അത്തരം കൂട്ടായ്മകൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

**അയൽക്കൂട്ടങ്ങളിൽ ക്യാമ്പയിൻ ദിനത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ**

1. **മനോഭാവ വിശകലന ഫോർമാറ്റ് പൂരിപ്പിക്കൽ**
2. **അടിസ്ഥാന മാനുഷിക അവകാശങ്ങൾ സംബന്ധിച്ചുള്ള ചർച്ച**
3. **പരിശീലന മൊഡ്യൂൾ വിശകലനവും ചർച്ചയും**
4. **അതിക്രമങ്ങളെ സംബന്ധിച്ച പട്ടിക പൂരിപ്പിക്കൽ**
5. **കുടുംബസംഗമത്തിൽ അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ**
6. **കുടുംബസംഗമത്തിലെ ചർച്ച**

# മനോഭാവ വിശകലന ഫോർമാറ്റ്

| നം | പ്രസ്താവന | അനുകൂലിക്കുന്നു | അനുകൂലിക്കുന്നില്ല |
|---|---|---|---|
| 1 | കുട്ടികളെ വളർത്തുന്നത് സ്ത്രീയുടെ മാത്രം ഉത്തരവാദിത്വമാണ് | | |
| 2 | ഒരാണിയിരിക്കണം കുടുംബത്തിന്റെ തലവൻ | | |
| 3 | ആണുങ്ങൾ ഭാര്യമാരെ അച്ചടക്കം പഠിപ്പിക്കണം | | |
| 4 | വിവാഹജീവിതത്തിൽ ദാമ്പത്യപ്രശ്നം ഉണ്ടായാൽ ഭാര്യ ഭർത്താവിന്റെ കൂടെ തന്നെ ജീവിക്കണം | | |
| 5 | സ്ത്രീകൾ പ്രകോപനപരമായി വസ്ത്രം ധരിച്ചാൽ ബലാൽസംഗം ക്ഷണിച്ചു വരുത്തുകയാണ്. | | |
| 6 | സേവന/പരിചരണ മേഖലകളിൽ പുരുഷൻമാരേക്കാൾ മെച്ചപ്പെട്ട പ്രവർത്തനം സ്ത്രീകൾക്ക് കാഴ്ചവെക്കാനാവും | | |
| 7 | ഭർത്താവ് ആവശ്യപ്പെടുമ്പോഴെല്ലാം ഭാര്യ ലൈംഗിക ബന്ധത്തിന് തയ്യാറാവണം | | |
| 8 | സ്ത്രീയും പുരുഷനും സാമൂഹികപരമായി തുല്യരല്ല | | |
| 9 | പൊതുപ്രവർത്തനത്തിൽ സ്ത്രീകളേക്കാൾ പുരുഷൻമാർക്കായിരിക്കും ശോഭിക്കാനാവുക | | |
| 10 | കുടുംബത്തിൽ എത്ര കുട്ടികളാണ് ഉണ്ടാവേണ്ടതെന്ന് തീരുമാനിക്കേണ്ടത് കുടുംബനാഥനാണ് | | |

**മുകളിൽ ചേർത്തിരിക്കുന്ന പ്രസ്താവനയോട് നിങ്ങൾ അനുകൂലിക്കുന്നുവോ ഇല്ലയോ എന്നും എഴുതുക**

## അടിസ്ഥാന മാനുഷിക ആവശ്യങ്ങൾ




**അയൽക്കൂട്ട തല ചർച്ചക്കായി..........**

ശൃംഖലയിൽ പറഞ്ഞിട്ടുള്ള ഓരോ ഇനവും പ്രത്യേകം ചർച്ച ചെയ്യേണ്ടതാണ്.

ഈ മാനുഷിക ആവശ്യങ്ങൾ എല്ലാം തന്നെ നമ്മളോരോരുത്തരുടേയും ദൈനംദിന ജീവിതത്തിൽ അനുഭവഭേദ്യമാണോ

ഉണ്ടെങ്കിൽ എങ്ങനെയെല്ലാം

ഇല്ല എങ്കിൽ കാരണം

സ്ത്രീകൾക്കും പുരുഷൻമാർക്കും ഇവയുടെ പ്രാപ്യത തുല്യമാണോ

# പരിശീലന മൊഡ്യൂൾ

## ആമുഖം

കുടുംബശ്രീ,കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി കേരള സമൂഹത്തിന്റെ, സ്ത്രീ മുന്നേറ്റങ്ങളുടെ പരിഛേദമായി നിലകൊള്ളുന്നു. ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ നിർവഹണത്തിലും സ്ത്രീ ശാക്തീകരണ പ്രവർത്തനത്തിലും ലോകരാജ്യങ്ങൾക്ക് മാതൃകയായി ഇന്ന് കുടുംബശ്രീ മാറിക്കഴിഞ്ഞു. 45 ലക്ഷം സ്ത്രീകളുടെ കൂട്ടായ്മ മറ്റൊരു സ്ത്രീ പ്രസ്ഥാനത്തിനും അവകാശപ്പെടാനില്ലാത്തതാണ്. സാമ്പത്തികവും സാമൂഹികവുമായി കേരള സമൂഹത്തിൽ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുന്നതിൻ കുടുംബശ്രീ വഹിച്ച പങ്ക് ചെറുതല്ല. ജനാധിപത്യ പ്രക്രിയയിൽ 50% പങ്കാളിത്തം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സ്ത്രീകൾക്കായി മാറ്റി വെക്കപ്പെട്ടപ്പോൾ കുടുംബശ്രീ അംഗങ്ങളും കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ വളർന്ന് പൊതു സമ്മതി നേടിയവരാണ് ജനപ്രതിനിധികളായവരിൽ കൂടുതലും. സ്ത്രീകളുടെ കൂട്ടായ്മയ്ക്ക് പൊതുസമൂഹത്തെ എങ്ങനെയെല്ലാം സ്വാധീനിക്കാൻ കഴിയും എന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണമായി ഈ മുന്നേറ്റത്തെ കാണാൻ സാധിക്കും.

എന്നാൽ ഇത്രയും മുന്നേറ്റങ്ങൾക്കിടയിലും കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ജനിച്ച് ദിവസങ്ങൾ മാത്രമായ കുഞ്ഞുങ്ങൾ മുതൽ പരസഹായമില്ലാതെ ചലിക്കാൻ പോലുമാവാത്ത വൃദ്ധകൾ വരെ പലതരം അതിക്രമങ്ങൾക്കിരയാവുന്നു. പെൺകുഞ്ഞുങ്ങളോടൊപ്പം ആൺകുട്ടികളും പ്രകൃതി വിരുദ്ധ പീഡനങ്ങൾ ഉൾപ്പെടെ നിരവധി അതിക്രമങ്ങൾക്ക് വിധേയരാവുന്നു.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരും മുന്നോക്കം നിൽക്കുന്നവരും ഒരു പോലെ അതിക്രമത്തിനിരയാവുന്നു എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. സാമൂഹിക അസമത്വങ്ങൾക്കെതിരേയുള്ള പൊതുസമൂഹത്തിന്റെ മനോഭാവത്തിലും സമീപനത്തിലും വന്ന മാറ്റങ്ങൾ ഇതിനോടൊപ്പം തന്നെ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. പലപ്പോഴും പലരീതിയിലുമുള്ള അതിക്രമങ്ങൾ അതിജീവിക്കുന്നവർ സമൂഹത്തിന്റെ പിന്തുണ ലഭിക്കാത്തത് കാരണം പരാതികളുമായി മുന്നോട്ട് വരാതിരിക്കുകയോ നൽകിയ പരാതി പിൻവലിക്കുകയോ ചെയ്യുന്ന സാഹചര്യമാണ് നിലവിൽ കണ്ടു വരുന്നത്.

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സ്ത്രീകളുടെ കൂട്ടായ്മ എന്ന നിലയിൽ പ്രശസ്തമായ കുടുംബശ്രീ അംഗങ്ങൾക്ക് ഇത്തരം സാമൂഹിക അസമത്വങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേ നടക്കുന്ന അതിക്രമങ്ങൾക്കെതിരേയും പ്രതിരോധം തീർക്കുന്നതിനും അതിജീവിച്ചവരെ പിന്തുണച്ച് നീതി ലഭ്യമാക്കുന്നതിനുമായി പ്രവർത്തിക്കുന്നതിനും അത്തരം കൂട്ടായ്മകൾ സൃഷ്ടിക്കുന്നതിനും സാധിക്കും. കുടുംബശ്രീ അംഗങ്ങളുടെ പിന്തുണയ്ക്കായി സി ഡി എസ് വാർഡ് തലങ്ങളിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കൗൺസിലർമാർ, ജെൻഡർ റിസോഴ്സ് പേഴ്സൺമാർ, വിജിലന്റ് ഗ്രൂപ്പ് അംഗങ്ങൾ തുടങ്ങിയവർക്കെല്ലാം ഈ പ്രവർത്തനത്തിൽ കുടുംബശ്രീ അംഗങ്ങളോടൊപ്പം പങ്കാളികളാകാൻ സാധിക്കും.

ഈ സാഹചര്യത്തിൽ അയൽക്കൂട്ടങ്ങളെ സജീവമാക്കുന്നതിനും അയൽക്കൂട്ട പ്രദേശത്ത് സ്ത്രീകളുടെ നേതൃത്വത്തിലുള്ള കർമ്മ സേന(വിജിലന്റ് ഗ്രൂപ്പ്)കളുടെ രൂപീകരണവും തുടർപ്രവർത്തനങ്ങളും സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ചർച്ചകളും സംവാദങ്ങളും നടത്താൻ ഉദ്ദേശിക്കുന്നു.

ജെൻഡർ അധിഷ്ഠിത അതിക്രമങ്ങൾ എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകളും പ്രവർത്തനങ്ങളുമാണ് അയൽക്കൂട്ടതലത്തിൽ സംഘടിപ്പിക്കേണ്ടത്. ചർച്ചകൾക്കാവശ്യമായ സൂചകങ്ങളും വിവരണങ്ങളും അനുബന്ധമായി ചേർക്കുന്നുണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പുവരുത്തുന്നതിനും പ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും അയൽക്കൂട്ട അംഗങ്ങളെ പ്രാപ്തരാക്കുന്നതിൽ ഈ പ്രവർത്തനത്തിന് വലിയൊരു പങ്ക് വഹിക്കാൻ സാധിക്കും

## പഠന പ്രവർത്തനങ്ങൾക്കുള്ള സഹായി

പൊതു ഇടങ്ങളിലും സ്വകാര്യ ഇടങ്ങളിലും സ്ത്രീകളും കുട്ടികളും ഒരു പോലെ പലതരം അതിക്രമങ്ങൾക്ക് വിധേയരാകുന്നു. പ്രാദേശികമായ നിരവധി ഘടകങ്ങൾ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇവ എന്തെല്ലാമാണെന്ന് കണ്ടെത്തുന്നതിനായി കുടുംബശ്രീ സ്ത്രീ പദവി സ്വയംപഠന പ്രക്രിയയുടെ ഭാഗമായി അയൽക്കൂട്ട തലത്തിൽ സംഘടിപ്പിച്ച സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും എന്ന പഠന സഹായി ചർച്ചകളും പ്രവർത്തനങ്ങളും നിർഭയ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ക്രൈം മാപ്പിംഗ് ഇഷ്യൂ മാപ്പിംഗ് എന്നിവയെല്ലാം തന്നെ സഹായകമായിട്ടുണ്ട്.

സ്ത്രീകളും കുട്ടികളും നേരിടുന്ന അതിക്രമങ്ങളെ പൊതുവായി മൂന്നായി തരംതിരിക്കാം

1. ശാരീരികാതിക്രമങ്ങൾ
2. മാനസികമായ അതിക്രമങ്ങൾ
3. ലൈംഗികാതിക്രമങ്ങൾ

എങ്കിലും പലപ്പോഴും തങ്ങൾ നേരിടുന്നത് അതിക്രമമാണെന്ന് തിരിച്ചറിയാൻ പോലും ഇവർക്ക് സാധിക്കുന്നില്ല. അശ്ലീലമായ നോട്ടം പോലും അതിക്രമത്തിന്റെ പരിധിയിൽ വരുമെന്നത് ക്രൈം മാപ്പിംഗ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സംഘടിപ്പിച്ച ക്യാംപെയിനിലൂടെയാണ് പല അയൽക്കൂട്ട അംഗങ്ങളും തിരിച്ചറിഞ്ഞത് എന്നത് ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെ സംബന്ധിച്ച് ഒരു പ്രധാന അറിവായിരുന്നു. കുട്ടികൾക്ക് നേരെ നടക്കുന്ന പലതരത്തിലുമുള്ള ലൈംഗിക അതിക്രമങ്ങളും കണ്ടെത്തപ്പെടാതെ പോവുന്നതിൽ ഈ തിരിച്ചറിവിന്റെ അഭാവം വലിയ പങ്ക് വഹിക്കുന്നുണ്ട്. ഏറ്റവും സുരക്ഷിതമെന്ന് നാം കരുതുന്ന സ്വന്തം വീട് പോലും സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്നില്ല എന്നതാണ് നമുക്കുചുറ്റും നടക്കുന്ന സംഭവങ്ങൾ സൂചിപ്പിക്കുന്നത്.

നമുക്ക് പരിചിതവും അപരിചിതവുമായ അതിക്രമങ്ങളിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം.........













പെൺകുട്ടികളെ പീഡിപ്പിച്ച് മൊബൈലിൽ പകർത്തുന്ന വിരുതൻ പിടിയിൽ

മുകളിൽ സൂചിപ്പിച്ച പത്രവാർത്തകളെല്ലാം തന്നെ നമ്മുടേത് പോലുള്ള ഒരു അയൽക്കൂട്ട പ്രദേശത്ത് സംഭവിച്ചതാണ്. കേരളജനതയെ ആകെ വിഷമത്തിലാക്കിയ ജിഷ കൊലക്കേസ് നടന്നതും കൊല്ലം ജില്ലയിലെ ഏഴു വയസ്സുകാരിയുടെ പീഡിപ്പിക്കപ്പെട്ടുള്ള മരണവും നമ്മുടെ അയൽക്കൂട്ട പ്രദേശത്ത് സംഭവിച്ചതാണ്. എന്തുകൊണ്ട് ഇത്തരം അതിക്രമങ്ങൾ ആവർത്തിക്കപ്പെടുന്നു?.

അയൽക്കൂട്ടങ്ങളും അൽക്കൂട്ട പ്രദേശവും സാമൂഹികമായ ഉത്തരവാദിത്തങ്ങളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും മുൻകാലങ്ങളെ അപേക്ഷിച്ച് പിറകോട്ട് പോകുന്നുണ്ടോ എന്നൊരു വിലയിരുത്തലിന്റെ ആവശ്യമുണ്ടോ?

കൂട്ടായ്മകളുടെ ശക്തിയും പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുമ്പോഴുള്ള പൂർണ്ണതയും കുടുംബശ്രീയുടെ മുഖമുദ്രയായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇവ നഷ്ടപ്പെടാതെ കാത്തു സൂക്ഷിക്കേണ്ടതുണ്ട്. അതിനാൽ സ്ത്രീകൾക്കും കുട്ടികൾക്കും സൗഹൃദപരമായ ഒരു അയൽക്കൂട്ട പ്രദേശം സൃഷ്ടിക്കുന്നതിനായുള്ള ശ്രമങ്ങൾ നമ്മൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

*അതിക്രമങ്ങൾനടക്കുന്നതിനെതിരേയുള്ള പ്രതിരോധ നടപടികളും തുടർ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതിനായി പ്രാദേശിക കൂട്ടായ്മകളുടെ പങ്ക് എന്നതായിരിക്കണം നമ്മുടെ ചർച്ച വിഷയം.*

ടി വിഷയവുമായി ബന്ധപ്പെട്ട് പ്രാദേശികാടിസ്ഥാനത്തിൽ പോസ്റ്റർ പ്രദർശനം, സാഹിത്യ കൂട്ടായ്മ, ചിത്രരചന അവയുടെ പ്രദർശനം, തെരുവ് നാടകങ്ങൾ, മറ്റ് ക്യാംപെയിൻ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ചർച്ചയ്ക്കനുബന്ധമായി സംഘടിപ്പിക്കാവുന്നതാണ്

## കേസ് സ്റ്റഡി

രാധ പഠിക്കാൻ മിടുക്കിയാണ്. അതുകൊണ്ട് തന്നെയാണ് ലോൺ എടുത്തിട്ടായാലും രാധയെ നഴ്സിംഗ് പഠനത്തിനായി മൈസൂരിൽ മാതാപിതാക്കൾ അയച്ചത്. പഠനത്തിന്റെ ഇടവേളയിലാണ് ഹോസ്റ്റലിനടുത്ത് പുതുതായി തുടങ്ങിയ റെഡിമെയ്ഡ് വസ്ത്രക്കടയിൽ രാധ പോയത്. അവിടെ വെച്ച് രാജുവിനെ പരിചയപ്പെടുന്നു. പരിചയം വളർന്ന് പ്രണയമായി മാറുന്നു. വീട്ടുകാർ അറിയില്ലെന്ന ധൈര്യത്തിൽ രാജുവും രാധയും മൈസൂരിൽ പലപ്പോഴും ഒരുമിച്ച് താമസിക്കുന്നു.

ഒരു ദിവസം ഗർഭിണിയായ രാധ രാജുവിനെ കാണാനായി ചെല്ലുന്നു, ഗർഭഛിദ്രത്തിനായി രാജു നൽകിയ മരുന്ന് കഴിക്കുന്ന രാധ രക്തംവാർന്ന് റോഡിൽ കിടന്ന് മരിക്കുന്നു.

രാജുവിന് ഭാര്യയും കുഞ്ഞുമുണ്ടെന്ന വിവരം രാധയ്ക്കറിയാമായിരുന്നു. ഇതറിഞ്ഞുകൊണ്ടും ബന്ധം തുടർന്ന രാധ കുറ്റക്കാരിയാണോ?

സ്വന്തം കുടുംബത്തെ നഷ്ടപ്പെടാതിരിക്കാൻ രാധയെ ഒഴിവാക്കാനായി മനപ്പൂർവ്വം ശ്രമിച്ച രാജു ചെയ്തത് ശരിയാണോ ?

ഇനി ഈ കഥയെ നമുക്ക് മറ്റൊരുതരത്തിൽ വായിച്ചുനോക്കാം. തന്റെ പണം മാത്രം കണ്ട് കൂടെ ജിവിക്കുന്ന ഭാര്യയുടെ സ്വഭാവത്തെക്കുറിച്ച് പറഞ്ഞ രാജു, രാധ ജീവിതത്തിലേക്ക് വന്നാൽ ഏതു നിമിഷവും ആ ബന്ധം നിയമപരമായി വേർപെടുത്തി രാധയ്ക്കൊപ്പം പുതിയൊരു ജീവിതം ആരംഭിക്കാമെന്ന് വാക്ക് നൽകിയിരുന്നു. രാജുവിന്റെ ഈ വാക്ക് മുഖവിലയ്ക്കെടുത്താണ് രാധ അവർ തമ്മിലുള്ള ബന്ധം തുടർന്നത്.

പ്രശ്നങ്ങളേയും കാരണങ്ങളേയും അപഗ്രഥിക്കുന്നതിൽ സംഭവിക്കുന്ന പോരായ്മകളും സ്ത്രീപക്ഷകാഴ്ചപ്പാടിൽ വിഷയങ്ങളെ കാണുന്നതിൽ സംഭവിക്കുന്ന വീഴ്ചകളും ഈ ഒരു കേസ് സ്റ്റഡിയിൽ വ്യക്തമാകുന്നുണ്ട്.

അയൽക്കൂട്ട അംഗങ്ങൾ ഈ കേസസ്റ്റഡിയുമായി ബന്ധപ്പെട്ട് ഉന്നയിക്കാവുന്ന ചോദ്യങ്ങൾ

1. കുടുംബജീവിതം തകർക്കാനാണ് അറിഞ്ഞുകൊണ്ട് രാധ ശ്രമിച്ചത്
2. വിവാഹിതയാകാതെ അന്യപുരുഷന്റെ കൂടെ കഴിഞ്ഞത് അംഗീകരിക്കാവുന്നതല്ല
3. കേരളത്തിന് പുറത്ത് പഠിക്കാൻ പോകുന്ന പെൺകുട്ടികൾ വഴിവിട്ട ജീവിതം നയിക്കുന്നു
4. കുടുംബം തകരാതിരിക്കാനാണ് രാജു ആ കടുംകൈ ചെയ്തത്.

ഇന്ന് നമ്മൾ ഏറ്റവും കൂടുതൽ കേൾക്കുന്ന വാർത്തയാണ് വിവാഹവാഗ്ദാനം നൽകി നടത്തുന്ന പീഡനങ്ങളും, നഗ്നചിത്രങ്ങൾ പരസ്യപ്പെടുത്തുമെന്ന് പറഞ്ഞ് നടത്തുന്ന പീഡനങ്ങളും. ഇത്തരത്തിലുള്ള നിരവധി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടും തുടർന്നും ഇത് എന്തുകൊണ്ട് സംഭവിക്കുന്നു എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും വിശ്വാസവും

ആത്മാർത്ഥതയുമാണ് പലപ്പോഴും ഇവിടെ ചൂഷണവും ചെയ്യപ്പെടുന്നത്. തനിക്ക് പരിചയമുള്ളവർ താൻ വിശ്വസിക്കുന്നവർ ചതിക്കില്ല എന്ന ബോധ്യത്താലാണ് അറിഞ്ഞുകൊണ്ടും പലരും ഇത്തരം ചതിയിൽപെട്ടുപോകുന്നത്. മുകളിൽ സൂചിപ്പിച്ച കഥയിലും കാര്യങ്ങൾ വ്യത്യസ്തമല്ല. പക്ഷെ പെൺകുട്ടി അല്ലെങ്കിൽ സ്ത്രീക്കാണ് തങ്ങളെ സൂക്ഷിക്കേണ്ട ബാധ്യത എന്ന മനോഭാവം മാറ്റാത്തിടത്തോളം നമുക്ക് ഇത്തരം പ്രശ്നങ്ങളിൽപ്പെട്ടവരെ സഹായിക്കാനും ജീവിതത്തിലേക്ക് മടക്കിക്കൊണ്ട് വന്ന് ചൂഷകരെ നിയമത്തിന് മുന്നിൽ കൊണ്ടു വരാനും ശ്രമിക്കാൻ പോലുമാവില്ല

മറ്റേതൊരു സാമൂഹ്യജീവിയെപ്പോലെയും നിയമത്തിന് മുന്നിലും സമൂഹത്തിലും തുല്യനീതിയോടെ ജീവിക്കാനും പ്രവർത്തിക്കാനുമുള്ള അവകാശം സ്ത്രീക്കുണ്ട്. അത് നമ്മൾ തിരിച്ചറിയണം നമുക്ക് ചുറ്റുമുള്ളവരെ ബോധ്യപ്പെടുത്തുകയും വേണം. അതിലെ ആദ്യപടിയാണ് സ്ത്രീകളുടേതായ കൂട്ടായ്മയുടെ രൂപീകരണവും അവയുടെ നേതൃത്വത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരേയും അതിക്രമങ്ങളെ അതിജീവിച്ചവരേയും പിന്തുണയ്ക്കുന്ന പ്രവർത്തനങ്ങളും. കുടുംബശ്രീ പോലൊരു മഹാ പ്രസ്ഥാനത്തിന് ഇത്തരമൊരു മുന്നേറ്റത്തിന്റെ ഭാഗമാകാനും വിജയിപ്പിക്കാനും കഴിഞ്ഞാൽ കേരള സംസ്ഥാന ചരിത്രത്തിലെ എന്നെന്നും ഓർമ്മിക്കപ്പെടുന്ന ഒരു നാഴികക്കല്ലായി മാറാൻ സാധിക്കും.

അതിക്രമങ്ങളെ പട്ടികപ്പെടുത്തൽ

- ജില്ല
- സി ഡി എസ്സിന്റെ പേര്
- അയൽക്കൂട്ടത്തിന്റെ പേര്
- വാർഡ് , പഞ്ചായത്ത്
- അംഗങ്ങളുടെ എണ്ണം
- പങ്കെടുത്തവരുടെ എണ്ണം

1. നിങ്ങളുടെ അയൽക്കൂട്ടത്തിൽ ചുവടേ ചേർത്ത ഏതെങ്കിലും തരത്തിലുള്ള അതിക്രമം നേരിട്ട എത്രപേരുണ്ട്?

പട്ടിക 1

| നം | അതിക്രമം | എത്ര പേർ |
|---|---|---|
| 1 | ശാരീരികം | |
| 2 | മാനസികം | |
| 3 | വാചികം | |
| 4 | ദൃശ്യം | |

പട്ടിക 2

അതി ക്രമങ്ങളുടെ സ്വഭാവം

| ഇനം | എണ്ണം |
|---|---|
| ശരീരത്തിൽ കടന്നുപിടിച്ച് ഉപദ്രവിച്ചത് | |
| തോണ്ടൽ | |
| ബലാത്സംഗം | |
| അശ്ലീല പദപ്രയോഗം | |
| അശ്ലീല പാട്ടുകൾ | |
| ലൈംഗീകാവശ്യത്തിനായുള്ള നിർബന്ധം | |
| ലൈംഗിക ചുവയുള്ള ആഗ്യം | |
| ശരീരപ്രദർശനം | |
| ലൈംഗിക താൽപര്യത്തോടെയുള്ള തുറിച്ചുനോട്ടം | |
| മൊബൈൽ വഴിയുള്ള അശ്ലീലം | |
| മറ്റുള്ളവ | |
| ആകെ | |

പട്ടിക 3

**അതിക്രമി ഏതു വിഭാഗത്തിൽ പെടുന്നു.**

| **അതിക്രമി ഏതു വിഭാഗത്തിൽ പെടുന്നു.** | എണ്ണം |
|---|---|
| അയൽവാസി | |

| | |
|---|---|
| സുഹൃത്ത് | |
| കുടുംബ സുഹൃത്ത് | |
| തൊഴിൽ സ്ഥാപനത്തിന്റെ ഉടമ | |
| ജോലിയിൽ മേൽനോട്ടം വഹിക്കുന്ന വ്യക്തി | |
| കൂടെ ജോലിചെയ്യുന്ന വ്യക്തി | |
| വീട്ടുജോലിക്ക് വരുന്നയാൾ | |
| സർക്കാർ/ പഞ്ചായത്ത് സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻ | |
| കുടുംബാംഗം | |
| അടുത്ത ബന്ധു | |
| ഭർത്താവ് | |
| ചന്തയിൽ കച്ചവടം നടത്തുന്ന വ്യക്തി | |
| കച്ചവട സ്ഥാപനത്തിന്റെ ഉടമ/ തൊഴിലെടുക്കുന്ന വ്യക്തി | |
| ബസിൽ തൊഴിലെടുക്കുന്നവർ (കണ്ടക്ടർ/ ഡ്രൈവർ/ ക്ലീനർ) | |
| ചെറിയ വാഹനങ്ങളിൽ തൊഴിലെടുക്കുന്നവർ (ഓട്ടോ/ ടാക്സി/ ടെംപോ/ ജീപ്പ്) | |
| ചെറുപ്പക്കാരുടെ കൂട്ടം | |
| ക്വൊട്ടേഷൻ സംഘം | |
| കണ്ടു പരിചയമുള്ളവർ | |
| പരിചയമില്ലാത്തവർ | |
| മറ്റുള്ളവർ(.....................................) | |

പട്ടിക 4

അതിക്രമം നടന്ന സ്ഥലം

| | |
|---|---|
| വീട് | |
| ജോലിസ്ഥലം | |
| പൊതു ഇടം | |
| വിജനമായപ്രദേശം | |
| വിദ്യാഭ്യാസ സ്ഥാപനം | |
| വാഹനം | |
| അയൽക്കൂട്ട പരിധിയിൽ ആണോ | |
| ആരാധനാലയങ്ങൾ | |

പട്ടിക 5

**ഏതു തരത്തിലുള്ള പ്രതിരോധത്തിനാണ് നിങ്ങൾ ശ്രമിച്ചത്?**

(യോജിച്ചവ '✓' ചെയ്യുക.)

| | |
|---|---|
| അതിക്രമികളെ കണ്ടതും വഴി മാറി നടന്നു | |
| അതിക്രമം നടത്താൻ ശ്രമിച്ചതും ഓടി രക്ഷപ്പെട്ടു | |
| അതിക്രമങ്ങളെ ചെറുക്കാൻ കൂട്ടമായി സഞ്ചരിച്ചു | |
| അപ്രതിക്ഷിതമായതുകൊണ്ട് പ്രതിരോധിക്കാൻ കഴിഞ്ഞില്ല | |
| നിയമപരമായ നടപടികൾ സ്വീകരിച്ചു | |

പട്ടിക 6

ഇത്തരം അതിക്രമങ്ങൾക്കെതിരേ കുടുംബശ്രീ തലത്തിൽ സ്വീകരിക്കാവുന്ന പ്രതിരോധ മാർഗ്ഗങ്ങൾ എന്തെല്ലാം? (അയൽക്കൂട്ടഅംഗങ്ങൾ ചർച്ച ചെയ്ത് കുറഞ്ഞത് 5 നിർദ്ദേശങ്ങൾ രേഖപ്പെടുത്തുക)

| നം | പ്രവർത്തനങ്ങൾ |
|---|---|
| 1 | |
| 2 | |
| 3 | |
| 4 | |
| 5 | |
| 6 | |

7. ഒറ്റപ്പെട്ട് കഴിയുന്ന കുടുംബങ്ങൾ / സ്ത്രീകൾ നിങ്ങളുടെ അയൽക്കൂട്ട പരിസരത്തുണ്ടോ ?

8. സഹായ മാവശ്യമുള്ള സ്ത്രീകൾ / കുട്ടികൾ നിങ്ങളുടെ പരിസര പ്രദേശത്തുണ്ടോ ? ഏത് തരം സഹായമാണ് വേണ്ടത് ?

9. .. മൊബൈൽ, ഇന്റർനെറ്റ് വഴിയുള്ള അതിക്രമത്തിന് വിധേയയായിട്ടുണ്ടോ?

10.. കുട്ടികൾ വീടുകളിൽ സുരക്ഷിതരാണോ?

11. കുട്ടികൾ എല്ലാ കാര്യങ്ങളും രക്ഷിതാക്കളോട് പറയാറുണ്ടോ ?

12. സ്ത്രീകൾ രാത്രിയാത്ര ഒഴിവാക്കേണ്ടതാണൊ? ആണെങ്കിൽ കാരണങ്ങൾ

*നിങ്ങൾ പ്രസ്താവനകളോട് അനുകൂലിക്കുന്നുവോ ഇല്ലയോ ഒരു '✓' ഇടുക*

| നം | പ്രസ്ഥാവന | അനുകൂലിക്കുന്നു | അനുകൂലിക്കുന്നില്ല |
|---|---|---|---|
| 1 | സ്ത്രീകൾ സ്വന്തമായി വരുമാനം ഉണ്ടാക്കുന്നത് കുടുംബത്തിന് ഗുണകരമാണ്. | | |
| 2 | വിധവകൾക്ക് പുനർവിവാഹം കഴിക്കാം | | |
| 3 | ചില സന്ദർഭങ്ങളിൽ ഭർത്താവിന് ഭാര്യയെ മർദ്ദിക്കാം | | |
| 4 | സ്ത്രീയുടെ വരുമാനത്തിന്റെ അധികാരി കുടുംബനാഥനാണ് | | |
| 5 | കലാരംഗത്ത് കൂടുതൽ ശോഭിക്കാൻ സ്ത്രീകൾക്കായിരിക്കും സാധിക്കുക | | |

# അയൽക്കൂട്ട കുടുംബസംഗമം

അയൽക്കൂട്ടത്തിന്റെ നേതൃത്വത്തിൽ അതിക്രമങ്ങളെ ചെറുക്കുന്നത് പ്രാദേശിക കൂട്ടായ്മയുടെ പങ്ക്
( പങ്കാളികളുടെ ചർച്ചയും ഫോറം പൂരിപ്പിക്കലും)

<u>സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കൽ- അയൽക്കൂട്ട പ്രവർത്തനങ്ങൾ</u>

- ജില്ല
- സി ഡി എസ്സിന്റെ പേര്
- അയൽക്കൂട്ടത്തിന്റെ പേര്
- വാർഡ് , പഞ്ചായത്ത്
- അംഗങ്ങളുടെ എണ്ണം
- പങ്കെടുത്തവരുടെ എണ്ണം
- കുടുംബശ്രീ സ്ത്രീശാക്തീകരണ മേഖലയിൽ ഇത് വരെ നിങ്ങളുടെ അയൽക്കൂട്ടം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം ?

1
2
3
4
5

- സാമൂഹികവും സാംസ്കാരികവും ഭരണപരവുമായ ഇടങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യവും പ്രാപ്തിയും വർദ്ധിപ്പിക്കുന്നതിനായി നടത്താവുന്ന പ്രവർത്തനങ്ങൾ (ചർച്ച ചെയ്തു രേഖപ്പെടുത്തുക)

1
2
3
4
5

- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനായി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം?

1

2
3
4
5

| കലാവധി | പ്രവർത്തനങ്ങൾ | ലക്ഷ്യം |
|---|---|---|
| 3 മാസം | | |
| 6 മാസം | | |
| 1 വർഷം | | |
| | | |

അയൽക്കൂട്ട കുടുംബ സംഗമത്തിലെ ചർച്ച

- കൂടുംബത്തിലെ ജനാധിപത്യം എന്ന വിഷയത്തിൽ ചർച്ച

1. കുടുംബത്തിലെ തീരുമാനങ്ങൾ
   - ➢ കൂടുംബത്തിലെ പൊതു തീരുമാനങ്ങളിൽ എല്ലാവർക്കും പങ്കാളിത്തമുണ്ടോ?
   - ➢ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാറുണ്ടോ?
   - ➢ കുട്ടികളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിൽ മുഴുവൻ കുടുംബാംഗങ്ങൾക്കുമുള്ള പങ്കാളിത്തം
2. സാമ്പത്തിക വിനിയോഗം
   - ➢ പണം കൈകാര്യം ചെയ്യുന്നതിലെ പങ്കാളിത്തം
   - ➢ സാമ്പത്തിക കാര്യങ്ങളിലെ തീരുമാനം
   - ➢ കടം, ലോൺ മുതലായവയുടെ വിവരങ്ങൾ കുടുംബത്തിലെ എല്ലാവരുമായി പങ്ക് വെയ്ക്കാറുണ്ടോ?
3. വീട്ട് ജോലി
   - ➢ വീട്ട് ജോലിയിലെ തുല്യ പങ്കാളിത്തം
4. പരിചരണം
   - ➢ കുട്ടികളുടെയും വൃദ്ധരുടെയും പരിചരണത്തിന്റെ ഉത്തരവാദിത്വം

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ
കൂടുംബശ്രീ

അംഗീകാരത്തോടെ

അക്കൗണ്ട്സ് ഓഫീസർ
കുടുംബശ്രീ

# നീതം- 2018

## നീതിക്കായൊരു കൂട്ടായ്മ

## കുടുംബശ്രീ ക്യാമ്പയിൻ

### അതിക്രമങ്ങൾക്കെതിരേയുള്ളപ്രതിരോധവും പ്രതികരണവും അയൽക്കൂട്ടങ്ങളിൽ...

ഉള്ളടക്കം


| നം | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 3-4 |
| 2 | ഉദ്ദേശ്യലക്ഷ്യങ്ങൾ | 4 |
| 3 | ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 5 |
| 3.1 | പരിശീലനങ്ങളും അനുബന്ധപ്രവർത്തനങ്ങളും | 5-6 |
| 3.2 | അയൽക്കൂട്ടതലം | 6 |
| 3.3 | അയൽക്കൂട്ടതലം പ്രവർത്തനം ആസൂത്രണം | 7 |
| 3.4 | സി ഡി എസ് തല പ്രവർത്തനം-സഹയാത്ര സംഗമം | 7-9 |
| 3.5 | ബ്ലോക്ക് തലം | 9 |
| 3.6 | ജില്ലാതലം | 10 |
| 3.7 | സംസ്ഥാന തലം | 10-11 |
| 4 | മൊബൈൽ ഫോട്ടോഗ്രഫി മത്സരം | 11-12 |
| 5 | സാമ്പത്തിക വിനിയോഗം | 12 |
| 5.1 | ജില്ലാ തല പരിശീലനങ്ങൾ | 13-14 |
| 6 | ജില്ലാതല പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ | 15 |
| 6.1 | മോണിറ്ററിംഗ് | 15-16 |
| 7 | അയൽക്കൂട്ട ഫെസിലിറ്റേറ്റർക്കുള്ള പ്രവർത്തന മാർഗ്ഗരേഖ | 16 |
| 7.1 | ഡോക്യുമെന്റേഷൻ | 17 |

# 1. ആമുഖം

കേരളം സാമൂഹികമായി വികസിതമായ ഒരു സംസ്ഥാനമാണെന്ന് പല വികസന സൂചികകളിലൂടേയും ചൂണ്ടിക്കാട്ടുന്നു. വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക അവസ്ഥ തുടങ്ങിയവയിലെല്ലാം സാമൂഹിക പുരോഗതി പ്രാപിക്കുന്നു എന്നത് കൊണ്ട് തന്നെ കേരളം മാനുഷിക പുരോഗതിയിൽ ഒരു മാതൃകയായി വിലയിരുത്തപ്പെടുന്നു. ഇത് പലപ്പോഴും പല വികസിത രാജ്യങ്ങളോടുള്ള തുലനം ചെയ്യലും ആകുന്നു. കേരളത്തിലെ വികസന - വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ സ്ത്രീകളുടെ പ്രാതിനിധ്യവും നേതൃത്വവും കേരളത്തിലെ സാമൂഹിക മുന്നേറ്റത്തിന്റെ ഒരു പ്രധാന കാരണമാണ്. സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ കഴിഞ്ഞകാലങ്ങൾ വളരെയേറെ സഹായിച്ചിട്ടുണ്ട്.

കേരള സർക്കാർ 1998 ൽ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ ആരംഭിക്കുകയും സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുകയും ചെയ്തു. സാമ്പത്തിക, സാമൂഹിക, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ,കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി കേരള സമൂഹത്തിന്റെ, സ്ത്രീ മുന്നേറ്റങ്ങളുടെ പരിച്ഛേദമായി നിലകൊള്ളുന്നു. ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ നിർവഹണത്തിലും സ്ത്രീ ശാക്തീകരണ പ്രവർത്തനത്തിലും ലോകരാജ്യങ്ങൾക്ക് മാതൃകയായി ഇന്ന് കുടുംബശ്രീ മാറിക്കഴിഞ്ഞു. 45 ലക്ഷം സ്ത്രീകളുടെ കൂട്ടായ്മ മറ്റൊരു സ്ത്രീ പ്രസ്ഥാനത്തിനും അവകാശപ്പെടാനില്ലാത്തതാണ്. സാമ്പത്തികവും സാമൂഹികവുമായി കേരള സമൂഹത്തിൽ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുന്നതിൽ കുടുംബശ്രീ വഹിച്ച പങ്ക് ചെറുതല്ല. ജനാധിപത്യ പ്രക്രിയയിൽ 50% പങ്കാളിത്തം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സ്ത്രീകൾക്കായി മാറ്റി വെക്കപ്പെട്ടപ്പോൾ കുടുംബശ്രീ അംഗങ്ങളും കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ വളർന്ന് പൊതു സമ്മതി നേടിയവരാണ് ജനപ്രതിനിധികളായവരിൽ കൂടുതലും. സ്ത്രീകളുടെ കൂട്ടായ്മയ്ക്ക് പൊതുസമൂഹത്തെ എങ്ങനെയെല്ലാം സ്വാധീനിക്കാൻ കഴിയും എന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണമായി ഈ മുന്നേറ്റത്തെ കാണാൻ സാധിക്കും.

കുടുംബശ്രീ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ അയൽക്കൂട്ട തലങ്ങൾ വരെ എത്തിക്കുന്നതിൽ സ്ത്രീ പദവി സ്വയംപഠന പ്രക്രിയ വളരെ സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. പ്രദേശിക വികസന പ്രക്രിയയിലും അതിക്രമങ്ങളേയും ചൂഷണങ്ങളേയും പ്രതിരോധിച്ചുകൊണ്ട് സ്ത്രീ ശിശു സൗഹൃദ ഇടം സൃഷ്ടിക്കുന്നതിലും അയൽക്കൂട്ട തലത്തിലെ സ്ത്രീ കൂട്ടായ്മകളുടെ നേതൃത്വത്തിൽ നടക്കുന്ന നിരന്തര ഇടപെടലുകൾ നല്ലൊരു ദൃഷ്ടാന്തമാണ്.

അയൽക്കൂട്ടതലങ്ങളിൽ നടക്കുന്ന കൂടിയിരുപ്പുകളും ചർച്ചകളും ഈ മാറ്റങ്ങൾക്ക് ഒരു പ്രധാന കാരണമാണ്. സ്വജീവിതാനുഭവങ്ങളെ ' അടിസ്ഥാനപ്പെടുത്തിയുള്ള പഠന സഹായികളാണ് സ്ത്രീ പദവി

സ്വയംപഠന പ്രവർത്തനങ്ങളുടെ ഭാഗമായി അയൽക്കൂട്ട തലത്തിൽ ചർച്ചകൾക്കും പ്രവർത്തനങ്ങൾക്കുമായി നൽകിയത്.

സ്ത്രീയും തൊഴിലും, സ്ത്രീയും ആരോഗ്യവും, സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി നടക്കുന്ന പഠന പ്രവർത്തനങ്ങളിൽ അയൽക്കൂട്ട തലങ്ങളിൽ നടക്കുന്ന ചർച്ചകളും പഠന പ്രവർത്തനങ്ങളും ഒരു പ്രധാന പങ്ക് വഹിച്ചിരുന്നു. എന്നാൽ നിലവിൽ കേരളത്തിലെ മുഴുവൻ അയൽക്കൂട്ടങ്ങളേയും സജീവമായി നിലനിർത്തിക്കൊണ്ടുള്ള ചർച്ചകൾ നടക്കുന്നില്ല.

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സ്ത്രീകളുടെ കൂട്ടായ്മ എന്ന നിലയിൽ പ്രശസ്തമായ കുടുംബശ്രീയിലെ അംഗങ്ങൾക്ക് ഇത്തരം സാമൂഹിക അസമത്വങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ പ്രതിരോധം തീർക്കുന്നതിനും പ്രശ്നങ്ങളെ അതിജീവിച്ചവരെ പിന്തുണച്ച് നീതി ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്നതിനും അത്തരം കൂട്ടായ്മകൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

ഇതിനുതകുന്ന ഒരു ക്യാംപെയിൻ നീതം 2018- നീതിക്കായൊരു കൂട്ടായ്മ എന്ന പേരിൽ ഫെബ്രുവരി മാർച്ച് മാസങ്ങളിലായി കുടുംബശ്രീ സംഘടിപ്പിക്കുന്നു. ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ, പരിശീലനം, സംഘാടനം, സാമ്പത്തിക വിശകലനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഇതിനാൽ ഉത്തരവാകുന്നു.

## 2. ഉദ്ദേശ്യലക്ഷ്യങ്ങൾ

കുടുംബശ്രീ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2017 - 18 സാമ്പത്തിക വർഷത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുക, സ്ത്രീ ശിശു സൗഹൃദ പ്രാദേശിക ഇടം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ക്യാംപെയിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടേ ചേർക്കുന്നു.

- അവകാശങ്ങളിൽ അധിഷ്ഠിതമായി സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കുക..
- പൊതു വിഭവങ്ങളിൻമേലും സേവന സംവിധാനങ്ങളിലും സ്ത്രീകളുടെ പ്രാപ്യത വർദ്ധിപ്പിക്കുക.
- നിലവിലെ നിയമങ്ങളെക്കുറിച്ചും സഹായ സംവിധാനങ്ങളെ കുറിച്ചും അവബോധം സൃഷ്ടിക്കുക.
- അവകാശ അവസര നിഷേധങ്ങൾ തിരിച്ചറിയുക
- ലിംഗവിവേചനത്തിലധിഷ്ഠിതമായ അതിക്രമങ്ങളെ ചെറുക്കുകയും പ്രതിരോധിക്കുകയും ചെയ്യുക.
- പ്രാദേശിക വികസനത്തിലും, ആസൂത്രണത്തിലും പൊതു ഭരണത്തിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക.
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള അതിക്രമത്തിനെതിരേ പ്രതികരിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്ന ഒരു കൂട്ടായ്മ സൃഷ്ടിക്കുക.

- നിലനിൽക്കുന്ന അരക്ഷിതാവസ്ഥകളെ കണ്ടെത്തികൊണ്ട് അവ പരിഹരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ പ്രാദേശിക സർക്കാറുകളുടെ സഹകരണത്തോടെ നടപ്പിലാക്കുക.
- അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരായവർക്ക് പിന്തുണ സഹായം നൽകുകയും സംവധാനങ്ങളെ കാര്യക്ഷമമാക്കുകയും ചെയ്യുക.
- പ്രാദേശിക സർക്കാറുകൾ, കുടുംബശ്രീ മറ്റ് വിവിധ വകുപ്പുകൾ എന്നിവയുടെ ഏകോപനം ഉറപ്പാക്കുക.

# 3. ക്യാമ്പയിൻ പ്രവർത്തനങ്ങൾ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ മുഴുവൻ അയൽക്കൂട്ടങ്ങളും പങ്കാളികളാകുന്ന ബൃഹത്തായ ഒരു ക്യാംപെയിൻ വിവധതലങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്നു. അയൽക്കൂട്ടം, സി ഡി എസ്സ്, ബ്ലോക്ക്, ജില്ല സംസ്ഥാന തലങ്ങളിൽ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളിലൂടേയും സഹകരണത്തോടെയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. ഇതിലൂടെ അതിക്രമങ്ങൾക്കെതിരേ പ്രാദേശിക പ്രതിരോധവും സ്ത്രീ ശിശു സൗഹൃദ ഇടം സൃഷ്ടിക്കലും വരും വർഷങ്ങളിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പ്രധാന ഇടപെടൽ മേഖലയായി മാറും. **സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളെ പ്രതിരോധിക്കുക, പ്രതികരണങ്ങൾ സൃഷ്ടിക്കുക, പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരം കാണുകയും ചെയ്യുക എന്ന വിശാലമായ ലക്ഷ്യം അയൽക്കൂട്ട അംഗങ്ങളിലൂടെ സാധ്യമാക്കുക എന്നതും ഈ പ്രവർത്തനത്തിന്റെ ഭാഗമായി നടക്കേണ്ടതുണ്ട്.**

## 3.1- പരിശീലനങ്ങളും അനുബന്ധപ്രവർത്തനങ്ങളും

പ്രവർത്തനങ്ങൾ അയൽക്കൂട്ടതലത്തിൽ ആരംഭിക്കുന്നതിന് മുന്നോടിയായി റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം ജില്ലാ സി ഡി എസ് തലത്തിൽ നടക്കണം. വിഷയവുമായി ബന്ധപ്പെട്ട് നടത്തേണ്ട ചർച്ചകൾ എന്തെന്നും പ്രവർത്തന മാതൃകകൾ സൃഷ്ടിക്കുന്നതിനായി അയൽക്കൂട്ട അംഗങ്ങളെ പ്രാപ്തമാക്കേണ്ടതെങ്ങനെയെന്നും പരിശീലനത്തിന്റെ ഭാഗമായി വിശദീകരിക്കണം.

- ജില്ലാ തല റിസോഴ്സ്പേഴ്സൺമാർ (കോർ ടീം അംഗങ്ങൾ ഉൾപ്പെടെ) കമ്മ്യൂണിറ്റി കൗൺസിലേർസ്, സാങ്കേതിക പരിജ്ഞാനമുള്ള റിസോഴ്സ് പേഴ്സൺമാർ എന്നിവർക്കായി ജില്ലാ തലത്തിലും അയൽക്കൂട്ട പ്രതിനധികൾക്കായി സി ഡി എസ്. തലത്തിലും പരിശീലനം സംഘടിപ്പിക്കേണ്ടതുണ്ട്.
- ജനപ്രതിനിധികൾ, വിവിധ വകുപ്പുകളുടെ പ്രതിനിധികൾ എന്നിവർക്കായി പ്രവർത്തന വിശദീകരണ യോഗങ്ങൾ സംഘടിപ്പിക്കുക.

ജില്ലാ മിഷൻ കോർഡിനേറ്റർ, ജെൻഡർ പ്രവർത്തന ചുമതലയുള്ള അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർ, ജെൻഡർ ഡിസ്ട്രിക് പ്രോഗ്രാം മാനേജർ എന്നിവരുടെ നേതൃത്വത്തിൽ പരിശീലനങ്ങൾ

പൂർത്തിയാകുന്ന മുറയ്ക്ക് ചുമതലകൾ വിഭജിച്ച് നൽകുകയും റിസോഴ്സ്പേഴ്സൺമാരുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ(ചർച്ചകൾ, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ) എന്നിവ കൃത്യമായി ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികളും ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാർ നിർവഹിക്കേണ്ടതാണ്.

- അയൽക്കൂട്ട തലത്തിലും സി ഡി എസ് തലത്തിലും നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും ഫോട്ടോ എടുത്ത് പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യേണ്ടതാണ്
- ഇതോടൊപ്പം അയൽക്കൂട്ട അംഗങ്ങൾ പൂരിപ്പിച്ചു നൽകുന്ന ഫോർമാറ്റുകൾ, സംഗമത്തിൽ പങ്കെടുത്തവരുടെ അറ്റൻന്റൻസ്, ഫോട്ടോ, സോഫ്റ്റ് വെയർ അപ് ലോഡിംഗ് എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് റിസോഴ്സ്പേഴ്സൺന്റെ ചുമതലയാണ്.

## 3.2 അയൽക്കൂട്ടതലം

മുഴുവൻ അയൽക്കൂട്ടങ്ങളിലും അതിക്രമങ്ങളും പ്രതരോധങ്ങളും എന്ന വിഷയവുമായി ബന്ധപ്പെട്ട പഠനവും തുടർപ്രവർത്തനങ്ങളുടെ ആസൂത്രണവും നടക്കേണ്ടതുണ്ട്. . കുടുംബശ്രീ സ്കൂൾ പ്രവർത്തനത്തിന് തുടർച്ചയെന്നോണം ഈ പ്രവർത്തനങ്ങൾ അയൽക്കൂട്ട തലത്തിൽ സംഘടിപ്പിക്കപ്പെടണം. കുടുംബസംഗമ വേദികളിലായിരിക്കണം ഇത് നടക്കേണ്ടത് അയൽക്കൂട്ട കുടുംബാംഗങ്ങളായ പുരുഷൻമാർ കുട്ടികൾ തുടങ്ങി എല്ലാവർക്കും ഈ പ്രവർത്തനത്തിൽ പങ്കാളികളാകാം. അയൽക്കൂട്ട അംഗങ്ങളേയും കുടുംബാംഗങ്ങളേയും പ്രസ്തുത പ്രവർത്തനത്തിൽ പൂർണ്ണസമയവും പങ്കാളികളാക്കി മാറ്റേണ്ട ഉത്തരവാദിത്തം അതത് സി ഡി എസ് ചുമതലയുള്ള റിസോഴ്സ് പേഴ്സൺമാർക്കാണ്. ഒരു ദിവസം മുഴുവൻ നീണ്ടു നിൽക്കുന്ന രണ്ട് സെഷനുകളായാണ് പ്രവർത്തനം നടക്കേണ്ടത്. സി ഡി എസ് തലത്തിൽ പരിശീലനം ലഭിച്ച ഓരോ അയൽക്കൂട്ടത്തിൽ നിന്നുമുമ്മ പ്രതിനിധികൾ(ഫെസിലിറ്റേറ്റർ) ആയിരിക്കണം അയൽക്കൂട്ട ചർച്ചകൾക്ക് നേതൃത്വം നൽകുന്നത്. ആദ്യ സെഷനിൽ അയൽക്കൂട്ട അംഗങ്ങൾക്കിടയിൽ വിഷയവുമായി ബന്ധപ്പെട്ട് നടക്കുന്ന ചർച്ചകളും അതിക്രമങ്ങളുടെ രേഖപ്പെടുത്തലും തുടർപ്രവർത്തനങ്ങളുടെ ആസൂത്രണവും നടക്കേണ്ടതുണ്ട്.

കുടുംബസംഗമമായി നടക്കുന്ന അടുത്ത സെഷനിൽ കുടുംബശ്രീ കുടുംബാംഗങ്ങളുടെ സംഗമവും അതിക്രമങ്ങളെ കുറിച്ചുള്ള ചർച്ചകളും പ്രതിരോധത്തിനുള്ള സാധ്യതകളും വിലയിരുത്തി രേഖപ്പെടുത്തേണ്ടതാണ്.

പഠനപ്രവർത്തനത്തിനായി പ്രത്യേക പഠനസഹായിയും വിലയരുത്തൽ ഫോറങ്ങളും തയ്യാറാക്കി നൽകുന്നതാണ്. മുഴുവൻ അയൽക്കൂട്ടങ്ങളും സംഘടിപ്പിക്കപ്പെട്ട പരിപാടിയുടെ നിർദ്ദിഷ്ഠ ഫോർമാറ്റിൽ രേഖപ്പെടുത്തിയ റിപ്പോർട്ടും ഫോട്ടോയും ഉൾപ്പെടെ ചുമതലയുള്ള റിസോഴ്സ്പേഴ്സണ് കൈമാറേണ്ടതാണ്.

## 3.3 അയൽക്കൂട്ടതല പ്രവർത്തനം ആസൂത്രണം

- 2018 ഫെബ്രുവരി 10 ന് മുഴുവൻ അയൽക്കൂട്ടങ്ങളിലും നടക്കണം.
- അയൽക്കൂട്ട തലത്തിൽ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായി റിസോഴ്സ് പേഴ്സൺമാർക്ക് വാർഡുകളുടെ ചുമതലകൾ വിഭജിച്ചു നൽകണം
- ഒരു റിസോഴ്സ് പേഴ്സണ് മൂന്ന് വാർഡുകളുടെ വരെ ചുമതല ഏറ്റെടുക്കാവുന്നതാണ്.
- മൂന്ന് വാർഡുകളിലുമുള്ള മുഴുവൻ അയൽക്കൂട്ടങ്ങളിലും ടി പ്രവർത്തനം ഫലപ്രദമായി നടത്തി റിപ്പോർട്ടുകൾ ക്രോഡീകരിക്കേണ്ട ചുമതല റിസോഴ്സ്പേഴ്സണായിരിക്കും
- മുഴുവൻ അയൽക്കൂട്ടത്തിൽ നിന്നുമുള്ള പ്രതിനിധികളും സി ഡി എസ് തലത്തിൽ നടത്തുന്ന പ്രാഥമിക പരിശീലനം പൂർത്തിയാക്കിയെന്ന് ഉറപ്പുവരുത്തേണ്ട ചുമതല റിസോഴ്സ്പേഴ്സണായിരിക്കും.
- അയൽക്കൂട്ടതലത്തിൽ പ്രവർത്തനത്തിൽ പങ്കാളികളാകുന്ന മുഴുവൻപേരുടേയും പേരു വിവരങ്ങൾ റിസോഴ്സ്പേഴ്സൺ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- അയൽക്കൂട്ട തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി വാർഡ് തലങ്ങളിൽ എ ഡി എസ് നേതൃത്വം നൽകണം. വാർഡ് മെമ്പർമാരും അംഗൻവാടി പ്രവർത്തകർ, ആശാവർക്കർമാർ, ക്ലബ്ബ്/വായനശാല ഭാരവാഹികൾ സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ തുടങ്ങി എല്ലാവരുടേയും പങ്കാളിത്തം പ്രവർത്തനത്തിൽ ഉറപ്പുവരുത്തണം

## 3.4 സി ഡി എസ്സ് തലം-

## സഹയാത്രാ സംഗമം- 2018- ഫെബ്രുവരി 17

അയൽക്കൂട്ട തലങ്ങളിൽ നടന്ന പഠന പ്രവർത്തനങ്ങളുടേയും തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളും, അതിക്രമങ്ങളെ സംബന്ധിച്ച വിവരങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയ ഫോർമാറ്റുകൾ എ ഡി എസ്സ് തലത്തിൽ ക്രോഡീകരിക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സി ഡി എസ്സ് തലത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതുണ്ട്.

സി ഡി എസ് തലത്തിൽ 'അതിക്രമങ്ങൾക്കെതിരേ സഹയാത്രാ സംഗമം' എന്ന പേരിൽ ഒരു ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ സി ഡി എസ്സുകളിൽ നടക്കണം. അയൽക്കൂട്ട തലത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകളുടെ അവതരണവും ഇവിടെ നടക്കേണ്ടതുണ്ട്. പരമാവധി അയൽക്കൂട്ട അംഗങ്ങളേയും കുടുംബാംഗങ്ങളേയും പ്രസ്തുത പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിനായി ചുമതലയുള്ള റിസോഴ്സ്പേഴ്സൺമാർ ശ്രദ്ധിക്കേണ്ടതാണ്.

ഈ സംഗമത്തിനായി അതിക്രമങ്ങൾക്കെതിരേയുള്ള മുദ്രാവാക്യങ്ങൾ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കി വാർഡ് അടിസ്ഥാനത്തിൽ കൂട്ടമായി സി ഡി എസ്സ് തല സംഗമം നടക്കുന്ന വേദിയിലേക്ക് പരിപാടിയിലെ പങ്കാളികൾക്ക് എത്തിച്ചേരാവുന്നതാണ്. കുടുംബശ്രീ - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ നടക്കുന്ന അതിക്രമങ്ങൾക്കെതിരേയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ കൂടുതൽ ജനങ്ങളിലേക്കെത്തിക്കാൻ ഈ പ്രവർത്തനം സഹായകമാവും.

സ്ത്രീകൾക്കും കുട്ടികൾക്കും സൗഹാർദ്ദപരമായ ഒരു പ്രാദേശിക ഇടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വാർഡുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ ക്രോഡീകരിച്ച് തയ്യാറാക്കിയ റിപ്പോർട്ട് സി ഡി എസ്സ് തലത്തിൽ അവതരിപ്പിക്കണം. സി ഡി എസ് ചുമതലയുള്ള റിസോഴ്സ് പേഴ്സൺന്റെ നേതൃത്വത്തിലായിരിക്കണം റിപ്പോർട്ട് രൂപീകരണം നടത്തുന്നത് സി ഡി എസ്സ് ചെയർപേഴ്സണിന്റെ നേതൃത്വത്തിൽ നടക്കുന്ന സി ഡി എസ് തല പരിപാടിയിൽ ചുമതല ഒഴിഞ്ഞ സി ഡി എസ് ചെയർപേഴ്സൺന്റെ പങ്കാളിത്തം പരമാവധി ഉറപ്പാക്കണം. പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളുടേയും സി ഡി എസ്, എ ഡി എസ്, ഭാരവാഹികളുടേയും പൂർണ്ണ പിന്തുണ പ്രവർത്തനത്തിൽ ഉറപ്പു വരുത്തണം.

സി ഡി എസ് തലത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിലുള്ള പ്രധാന നിർദ്ദേശങ്ങളും പൂർണ്ണ റിപ്പോർട്ടും ജില്ലാ തല ക്രോഡീകരണ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ജില്ലാ മിഷനിലേക്ക് നൽകേണ്ടതാണ്.

സി ഡി എസ്സ് തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ചുമുള്ള ചുമതല ജെൻഡർ റിസോഴ്സ്പേഴ്സൺമാർക്ക് പുറമേ അതത് ബ്ലോക്കിലെ ബ്ലോക്ക് കോർഡിനേറ്റർമാരേയും ഏൽപ്പിക്കാവുന്നതാണ്. പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവഹണത്തിന് ഈ തരത്തിലുള്ള ചുമതല വിഭജനം ഏറെ സഹായകമാവും.

സി ഡി എസ് തല റിപ്പോർട്ട് അവതരണവും അതിക്രമങ്ങൾക്കെതിരേ കുടുംബശ്രീ സംഗമവും ഒരു ദിവസം മുഴുവൻ നീണ്ടു നിൽക്കുന്ന ഒരു പരിപാടിയായി സംഘടിപ്പിക്കണം. പ്രസ്തുത ദിവസം രാവിലെ സി ഡി എസ് തലത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് അവതരണം നടക്കണം ഇതിനോടനുബന്ധമായി ഈ വിഷയവുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കാം.

നിലവിൽ ലഭ്യമായ ഹ്രസ്വ ചിത്രങ്ങൾക്ക് പുറമേ സി ഡി എസ് തലത്തിൽ അതിക്രമങ്ങൾക്കെതിരേ പ്രതിരോധം എന്ന വിഷയവുമായി ബന്ധപ്പെട്ട് കുടുംബശ്രീ അംഗങ്ങളുടെ പങ്കാളിത്തത്തോടെ ഹ്രസ്വ ചിത്രത്തിന്റെ നിർമ്മാണം നടത്തുകയും ഈ ദിവസം പ്രദർശിപ്പിക്കുകയും ചെയ്യാം.

സി ഡി എസ്സ് തലത്തിൽ ഒന്നിൽ കൂടുതൽ ചിത്രങ്ങൾ നിർമ്മിക്കാവുന്നതാണ്. പ്രദർശിപ്പിക്കപ്പെടുന്ന ഹ്രസ്വ ചിത്രങ്ങൾ സംബന്ധിച്ച ചർച്ചകൾ ഇതിനോടനുബന്ധിച്ച് സംഘടിപ്പിക്കാവുന്നതാണ്. ഇത് കൂടാതെ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന മറ്റ് കലാ രൂപങ്ങളുടെ അവതരണവും സി

ഡിഎസ് റിപ്പോർട്ട് അവതരണ പരിപാടിക്ക് അനുബന്ധമായി ചെയ്യാവുന്നതാണ്. തയ്യാറാക്കപ്പെട്ട പോസ്റ്ററുകൾ ചിത്രങ്ങൾ എന്നിവയുടെ പ്രദർശനവും നടത്താവുന്നതാണ്.

സി ഡി എസ് തല പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷന്റേയും ഭരണസമിതി അംഗങ്ങളുടേയും പൂർണ്ണ പിന്തുണയും പങ്കാളിത്തവും ഉറപ്പു വരുത്തണം.

സി ഡി എസ് തലത്തിൽ തയ്യാറക്കപ്പെടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന തുടർ പ്രവർത്തനങ്ങളുടെ നിർവഹണത്തിനും മേൽനോട്ടത്തിനും കുടുംബശ്രീയുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും യോജിച്ച പ്രവർത്തനങ്ങൾ അനിവാര്യമാണ്.

## 3.5 – ബ്ലോക്ക്തലം

പതിനാല് ജില്ലകളിലേയും മുഴുവൻ ബ്ലോക്കുകളിലും ഈ ക്യാമ്പയിന്റെ ഭാഗമായി കേരള ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടെ ചലച്ചിത്ര പ്രദർശനം സംഘടിപ്പിക്കപ്പെടും. പ്രദർശനം ബ്ലോക്ക് തലത്തിൽ സംഘടിപ്പിക്കുന്നതിനാൽ കൂടുതൽ കുടുംബശ്രീ അംഗങ്ങൾക്ക് പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഇതിന്റെ ഭാഗമായി തിരഞ്ഞെടുത്ത ചിത്രങ്ങൾ ബ്ലോക്ക് തലത്തിൽ പ്രദർശിപ്പിക്കപ്പെടും. ഈ പ്രദർശനങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ചകളും സംഘടിപ്പിക്കപ്പെടും. സ്ത്രീകേന്ദ്രീകൃതമായ സിനിമ, വനിത സംവിധായകയുടെ സിനിമ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സിനിമ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായിരിക്കും സിനിമകൾ ആ ദിവസം പ്രദർശിപ്പിക്കുക.

. ചലച്ചിത്രങ്ങളുടെ പ്രദർശനത്തിനായി അതത് ബ്ലോക്കുകളിൽ പ്രദർശന സ്ഥലം കണ്ടെത്തുന്നതിനുള്ള ചുമതല ബ്ലോക്ക് കോർഡിനേറ്റർമാരെ ഏൽപ്പിക്കാവുന്നതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റേയും ജനപ്രതിനിധികളുടേയും സഹകരണം പ്രവർത്തനത്തിൽ ഉറപ്പു വരുത്തേണ്ടത് ചുമതലയുള്ള റിസോഴ്സ് പേഴ്സൺന്റേയും ജില്ലാ മിഷൻ പ്രതിനിധിയുടേയും കടമയാണ്.

## 3.6– ജില്ലാതലം

സി ഡി എസ് തലത്തിൽ നിന്ന് ലഭിച്ച തയ്യാറാക്കിയ റിപ്പോർട്ടുകളുടെ ക്രോഡീകരണം റിസോഴ്സ്പേഴ്സൺമാരുടേയും ജെൻഡർ എ ഡി എം സിയുടേയും ജെൻഡർ പ്രോഗ്രാം മാനേജറുടേയും നേതൃത്വത്തിൽ ജില്ലാതലത്തിൽ നടക്കണം.

ജില്ലയിൽ നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും കൃത്യമായ മുന്നൊരുക്കം നടത്തി നടപ്പിലാക്കേണ്ടതുണ്ട്. ആയതിനാൽ ജില്ലാ മിഷനിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും ബ്ലോക്ക് കോർഡിനേറ്റർമാർ ഉൾപ്പെടെ ചുമതലകൾ വിഭജിച്ചു നൽകുകയും പ്രവർത്തന പുരോഗതി കൃത്യമായി വിലയിരുത്തുകയും വേണം.

സി ഡി എസ് ബ്ലോക്ക് അടിസ്ഥാനത്തിൽ ചുമതലകൾ വിഭജിച്ചു നൽകുന്നതാവും അഭികാമ്യം. ഓരോ തലത്തിലും രൂപീകരിക്കപ്പെടുന്ന കമ്മിറ്റികൾ ഉൾപ്പെടെയുള്ള ചുമതല പ്രസ്തുത വ്യക്തിക്കായിരിക്കും.

ജില്ലാതല റിപ്പോർട്ട് അവതരണം നടക്കുന്നത് സാമൂഹിക സേവന രംഗത്തും സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുമായി പ്രവർത്തിക്കുന്നവർ ഉൾപ്പെടുന്ന ഒരു പാനലിന് മുൻപാകെ ആയിരിക്കണം. ജില്ലാതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇവരുടെ ആശയങ്ങൾ സ്വീകരിക്കുകയും പ്രാവർത്തികമാക്കാൻ ശ്രമിക്കുകയുമാവാം.

സി ഡി എസ്സ് തലത്തിൽ കുടുംബശ്രീ അംഗങ്ങൾ നിർമ്മിച്ചവയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മികച്ച ചലച്ചിത്രങ്ങളുടെ പ്രദർശനം ജില്ലാതല പരിപാടിയോട് അനുബന്ധിച്ച് നടത്താവുന്നതാണ്. ഇവയുടെ പ്രദർശനത്തെ അടിസ്ഥാനപ്പെടുത്തി ഈ മേഖലയിലെ പ്രമുഖർ, തയ്യാറാക്കപ്പെട്ട ചലച്ചിത്രങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനായി സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ, തയ്യാറെടുപ്പുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ കുടുംബശ്രീ അംഗങ്ങളുമായി പങ്ക് വെക്കുന്നതിനുള്ള അവസരങ്ങളും സൃഷ്ടിച്ച് നൽകാവുന്നതാണ്.

ഇതിനോടൊപ്പം തന്ന രംഗശ്രീ കമ്മ്യൂണിറ്റി തീയറ്റർ അംഗങ്ങളുടെ നേതൃത്വത്തിലുള്ള നാടകം, മറ്റ് കലാ രൂപങ്ങളുടെ പ്രദർശനം. എന്നിവയും സംഘടിപ്പിക്കാവുന്നതാണ്. ഇതോടൊപ്പം ജില്ലതല പരിപാടി തനതു രീതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യംഅതത് ജില്ലകൾക്കുണ്ടായിരിക്കും.

## 3.7- സംസ്ഥാന തലം

സംസ്ഥാന തലത്തിൽ ഈ ക്യാംപെയിൻ പ്രവർത്തനങ്ങൾ പരിസമാപ്തിയും ദേശീയ വനിതാദിനത്തോടുമനുബന്ധിച്ച് ജെൻഡർ കോൺഗ്രസ്സ് സംഘടിപ്പിക്കുന്നു. ദേശീയ അന്തർദേശീയ തലത്തിൽ സ്ത്രീ മുന്നേറ്റ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രമുഖരുടെ അനുഭവ സമ്പത്തിനെ കുടുംബശ്രീ പ്രവർത്തനത്തിന് മുതൽക്കൂട്ടാക്കി മാറ്റുന്ന തരത്തിൽ ഒരു സംഗമവും ശില്പശാലയുമാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഇതോടൊപ്പം കുടുംബശ്രീ നടപ്പിലാക്കുകയും വിജയിപ്പിക്കുകയും ചെയ്ത സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ മാതൃകയും ഇവർക്ക് മുൻപിൽ അവതരിപ്പിക്കുന്നു. മൂന്ന് ദിവസങ്ങളായാണ് സംസ്ഥാന തല പരിപാടികൾ സംഘടിപ്പിക്കപ്പെടുന്നത്.

ജില്ലാതലങ്ങളിൽ നിന്ന് തയ്യാറാക്കി നൽകിയ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സംസ്ഥാനതലത്തിൽ റിപ്പോർട്ട് തയ്യാറാക്കുകയും അവതരണം നടത്തുകയും ചെയ്യുന്നു. ഈ അവതരണത്തിലൂടെ

കേരളത്തിൽ സ്ത്രീകളും കുട്ടികളും നേരിടുന്ന അതിക്രമങ്ങളെ ക്കുറിച്ചും പ്രാദേശിക തലത്തിൽ തന്നെ നടത്താവുന്ന പ്രതിരോധ നടപടികളെക്കുറിച്ചുമുള്ള പൊതു സമൂഹത്തിന്റെ കാഴ്ചപ്പാട് വ്യക്തമാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾക്കെതിരേയുള്ള പ്രതിരോധ പ്രവർത്തനങ്ങളും പിന്തുണാ സംവിധാനങ്ങളും എന്ന മേഖലയിൽ കേരള സംസ്ഥാനത്തിൽ ആവിഷ്കരിക്കാവുന്ന പദ്ധതികൾ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മേഖലയിലെ വിദഗ്ദ്ധരുടെ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണ്. കൂടാതെ കുടുംബശ്രീ അംഗങ്ങളുടെ കലാവാസനകൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോട് കൂടിയുള്ള കലാസന്ധ്യയും ജില്ലകളിൽ നടക്കുന്ന ഫോട്ടോഗ്രാഫി മത്സരത്തിന്റെ പ്രദർശനവും പ്രതിധ്വനി ടോക് ഷോയിൽ നിന്ന് തിരഞ്ഞെടുക്കുന്നവരുടെ അവതരണമെല്ലാം സംസ്ഥാനതല പരിപാടിയിൽ ഉണ്ടാകും.

ഈ ക്യാമ്പയിന്റെ ഭാഗമായി ജില്ലാതലത്തിൽ കുടുംബശ്രീ അംഗങ്ങൾക്കായി ഒരു മൊബൈൽ ഫോട്ടോഗ്രാഫി മത്സരം കൂടി സംഘടിപ്പിക്കാവുന്നതാണ്.

## 4.മൊബൈൽ ഫോട്ടോഗ്രഫി മത്സരം

മൂന്ന് വ്യത്യസ്ത വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ചിത്രങ്ങളാണ് മത്സരത്തിനായി പരിഗണിക്കുന്നത്.

1. സ്ത്രീയും തൊഴിലും
2. സ്ത്രീകളുടെ മുഖ്യധാരവത്കരണം കുടുംബശ്രീയിലൂടെ
3. സ്ത്രീയും ഭരണനിർവഹണവും

- കുടുംബശ്രീ അംഗങ്ങളായ സ്ത്രീകൾക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുകയുള്ളു.
- ഒരു അംഗത്തിന് ഈ മൂന്ന് വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ആകെ ആറ് ഫോട്ടോകൾ വരെ അയക്കാവുന്നതാണ്. (ഓരോ ഇനത്തിലും രണ്ട് വീതം)
- അയക്കുന്ന ഫോട്ടോയ്ക്ക് നിർബന്ധമായും തലക്കെട്ട് ഉണ്ടായിരിക്കണം
- എഡിറ്റിംഗ് നടത്തിയ ഫോട്ടോ പരിഗണിക്കില്ല
- ഫോട്ടോ അയക്കുന്ന വ്യക്തിയുടെ പേര്, അയൽക്കൂട്ടത്തിന്റെ പേര്, സി ഡി എസ്സിന്റെ പേര് എന്നിവ ഫോട്ടോയോടൊപ്പം നൽകേണ്ടതാണ്.
- 2018 ഫെബ്രുവരി 5 മുതൽ 2018 ഫെബ്രുവരി ഇരുപത്തിയഞ്ച് വരെ ഫോട്ടോകൾ അയക്കാവുന്നതാണ്.
- ഫോട്ടോകൾ അതത് ജില്ലാമിഷനുകൾ പ്രത്യേകം തയ്യാറാക്കിയ ഇ മെയിൽ ഐഡിയിലായിരിക്കണം സ്വീകരിക്കേണ്ടത്. സി ഡി ആയും പ്രിന്റ് ആയും സ്വീകരിക്കാം
- പ്രത്യേക ജൂറി ആയിരിക്കും മികച്ച ഫോട്ടോ തിരഞ്ഞെടുക്കുന്നത്. ജൂറി അംഗങ്ങളെ അതത് ജില്ലാ മിഷൻ തിരഞ്ഞെടുക്കേണ്ടതാണ്. ഈ മേഖലയിലെ വിദഗ്ധരായ രണ്ടുപേർ, ജില്ലാ മിഷൻ കോർഡിനേറ്റർ എന്നിവരടങ്ങുന്നതായിരിക്കണം ജൂറി.
- ജില്ലാ തലത്തിൽ മികച്ച മൂന്ന് സ്ഥാനങ്ങൾ കണ്ടെത്തി ഫോട്ടോകൾ സംസ്ഥാന മിഷനിലേക്ക് നൽകേണ്ടതാണ്.
- ഈ ഫോട്ടോകളുടെ പ്രദർശനം സംസ്ഥാന തല ക്യാംപെയിനോടനുബന്ധിച്ച് നടക്കും.

# 5. സാമ്പത്തിക വിനിയോഗം

അയൽക്കൂട്ടതലത്തിൽ നടക്കുന്ന ക്യാംപെയിൻ അനുബന്ധ പ്രവർത്തനങ്ങൾക്കായി ജില്ലകൾക്ക് സ്ത്രീപദവി സ്വയംപഠന പ്രക്രിയയുടെ തനത് പ്രവർത്തനങ്ങളുടെ നിർവഹണത്തിനായി അനുവദിക്കപ്പെട്ട മൂന്ന് ലക്ഷം രൂപ വിനിയോഗിക്കാവുന്നതാണ്.

സി ഡി എസ് തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കാവശ്യമായ തുക ജില്ലാ മിഷനിൽ നിന്നും ലഭ്യമാക്കുന്നതിന് പുറമേ സ്പോൺസർഷിപ്പിലൂടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തിലൂടേയും കണ്ടെത്തേണ്ടതാണ്. സി ഡി എസ്സ് തലത്തിൽ നടക്കുന്ന റിപ്പോർട്ട് ക്രോഡീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി ഒരു സി ഡി എസ്സിന് 10000/- (പതിനായിരം രൂപ മാത്രം) നൽകാം. സി ഡി എസ് തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കും കൺസോളിഡേഷൻ, ഡോക്യുമെന്റേഷൻ, ഡാറ്റാ എൻട്രി തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി ടി തുക വിനിയോഗിക്കാം.

ജില്ലാതല പ്രവർത്തനങ്ങൾക്കായും ബ്ലോക്കുതല പ്രവർത്തനങ്ങൾക്കുമായി ഒരു ജില്ലയ്ക്ക് 350000 രൂപ അനുവദിക്കും. ബ്ലോക്ക് തലത്തിൽ നടത്തുന്ന ഒരു ദിവസത്തെ ഫിലിം പ്രദർശനത്തിനായി ഒരു സെന്ററിൽ 1000 രൂപ ചലച്ചിത്ര അക്കാദമിക്ക് നൽകേണ്ടതുണ്ട്. ബ്ലോക്ക് തലത്തിൽ ഫിലിം പ്രദർശനത്തിനുള്ള ഹാളുകൾ കണ്ടെത്തി ആവശ്യമായ മുന്നൊരുക്കങ്ങൾ ചലച്ചിത്ര അക്കാദമി പ്രവർത്തകരുമായി ചേർന്ന് ചെയ്യേണ്ടതുണ്ട്. ഇതിനാവശ്യമായ തുകയും ജില്ലാതല പ്രവർത്തനത്തിനായി അനുവദിച്ച തുകയിൽ നിന്ന് ചിലവഴിക്കേണ്ടതാണ്. ജില്ലാ തല റിപ്പോർട്ട് രൂപീകരണത്തിനാവശ്യമായ തുകയും ജില്ല തല പരിപാടിയ്ക്കായി അനുവദിച്ച തുകയിൽ നിന്ന് വകയിരുത്തണം

കൂടാതെ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗിനും മറ്റുമായി ജില്ലാതല റിസോഴ്സ്പേഴ്സൺമാർക്ക് നൽകേണ്ട ഹോണറേറിയവും ഇതിൽ നിന്നാണ് വിനിയോഗിക്കേണ്ടത്. ജില്ലാ തല പരിപാടി ജില്ലാ തനതു പരിപാടിയാക്കി മാറ്റി തനതു പരിപാടികൾക്കായി ജില്ലയ്ക്ക് നൽകിയ തുകയും വിനിയോഗിക്കാവുന്നതാണ്.

## 5.1 ജില്ലാതല പരിശീലനങ്ങൾ

1. ജില്ലാതല പരിശീലനത്തിൽ പരിശീലനം നൽകുന്ന റിസോഴ്സ്പേഴ്സൺമാർക്ക് പ്രതിദിനം പരമാവധി 500 രൂപ അനുവദിക്കാവുന്നതാണ്. ജില്ലാ തല പരിശീലനത്തിന് പരിശീലകരായി ഒരു റിസോഴ്സ്പേഴ്സണെ മാത്രം വിനിയോഗിക്കാവുന്നതാണ്. (ബാച്ചുകളായി പരിശീലനം പൂർത്തീകരിക്കാവുന്നതാണ്.) ജില്ലാ തല പരിശീലനത്തിന് പങ്കെടുക്കുന്നവർക്കായി ചെറിയ പലഹാരങ്ങൾ മാത്രം ഉൾകൊള്ളുന്ന പാക്കറ്റ് ഭക്ഷണമായി നൽകാവുന്നതാണ്. പാക്കറ്റിന് പുറത്ത്

സ്നേഹിത സെന്റർ നമ്പർ ഉൾപ്പെടുത്തി നൽകുന്നത് ക്യാംപെയിൻ പ്രവർത്തനമാക്കി മാറ്റാവുന്നതാണ്. ഇത് കുടുംബശ്രീ സംരംഭകരിൽ നിന്ന് സ്വീകരിച്ച് വിതരണം ചെയ്യാവുന്നതാണ്.

2. സി ഡി എസ് തലത്തിൽ അയൽക്കൂട്ട അംഗങ്ങൾക്കായി നടത്തുന്ന അര ദിവസത്തെപരിശീലനത്തിൽ പരിശീലനം നൽകുന്ന റിസോഴ്സ്പേഴ്സൺമാർക്ക് പരമാവധി 250 രൂപ അനുവദിക്കാവുന്നതാണ്. നാല് മുതൽ അഞ്ച് വരെ വാർഡുകളിൽ നിന്നുമുള്ള പ്രതിനിധികൾക്കായി പരിശീലനം ഒരുമിച്ച് നൽകിയാൽ മതിയാവും(പരമാവധി 50പേർ ഉൾപ്പെടുന്ന ഒരു ബാച്ച്). സി ഡി എസ് തല പരിശീലനത്തിന് പരിശീലകരായി ഒരു റിസോഴ്സ് പേഴ്സണെ മാത്രം വിനിയോഗിക്കാവുന്നതാണ്.
3. എൻ ആർ എൽ എം ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നാണ് ക്യാംപെയിൻ നിർവഹണത്തിനായി തുകചിലവഴിക്കേണ്ടത്.
4. സി ഡി എസ് തല പരിശീലനം- അര ദിവസത്തെ പരിശീലനം (ബാച്ചുകളായി പരിശീലനം പൂർത്തീകരിക്കാവുന്നതാണ് പരമാവധി അഞ്ച് ബാച്ചുകൾ).

| ക്രമ നം | ഇനം | ജില്ലാ തലം | പഞ്ചായത്ത് തലം |
|---|---|---|---|
| 1 | ഭക്ഷണം(വ്യക്തിയനുസൃതം) | 30 രൂപ (പരമാവധി 300 പേർ) | 10 രൂപ (പരമാവധി 450 പേർ) |
| 2 | ഹാൾറെന്റ് + ക്ലീനിംഗ് ചാർജ്ജ് | 2500 (ആവശ്യമെങ്കിൽ മാത്രം) | |
| 4 | സ്റ്റേഷനറി (പ്രിന്റഡ് മെറ്റീരിയൽ/ ഫോട്ടോസ്റ്റാറ്റ്) | 35/ഓരോ വ്യക്തിക്കും | 15/ ഓരോ വ്യക്തിക്കും |

പരിശീലന ഇനത്തിൽ ആകെ ചിലവ് വരുന്ന **തുക- 8016995 (റിസോഴ്സ്പേഴ്സൺ ഹോണറേറിയം ഉൾപ്പെടെ)ജില്ലയിലെ ആകെ സി ഡി എസ്സുകളുടേയും അയൽക്കൂട്ടങ്ങളുടേയും എണ്ണത്തിന് ആനുപാതികമായാണ് പരിശീലനത്തിനുള്ള തുക ജില്ലകൾക്കായി വകയിരുത്തിയിട്ടുള്ളത്(പരിശീലനത്തിനായി ചിലവഴിക്കുന്ന തുക ഇതിനനുസൃതമായി ചിലവഴിക്കേണ്ടതാണ്**

**പരിശീലനത്തിൽ പങ്കെടുക്കുന്ന റിസോഴ്സ്പേഴ്സൺമാർക്കും അയൽക്കൂട്ട ഫെസിലിറ്റേറ്റർമാർക്കും പരിശീലനമൊഡ്യൂളുകളും ഫോർമാറ്റുകളും പൂർണ്ണമായും പ്രിന്റ് ചെയ്ത് നൽകണം. അയൽക്കൂട്ടങ്ങൾക്ക് പൂരിപ്പിച്ച് നൽകാനുള്ള ഫോർമാറ്റുകൾ മാത്രം നൽകിയാൽ മതിയാവും**

| നമ്പർ | ജില്ല | -ജില്ല /ബ്ലോക്ക് തല പ്രവർത്തനം | സി ഡി എസ്സ് തല പ്രവർത്തനം | പരിശീലനം | പ്രിന്റിങ്ങ് ചാർജ്ജ് | ആകെ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 350000 | 83*10000= 830000 | 853160 | 100000 | 2133160 |
| 2 | കൊല്ലം | 350000 | 75*10000=750000 | 639125 | 100000 | 1839125 |
| 3 | പത്തനംതിട്ട | 350000 | 58*10000=580000 | 291190 | 100000 | 1321190 |
| 4 | കോട്ടയം | 350000 | 78*10000=780000 | 437265 | 100000 | 1667265 |
| 5 | ആലപ്പുഴ | 350000 | 80*10000=800000 | 589650 | 100000 | 1839650 |
| 6 | ഇടുക്കി | 350000 | 54*10000=540000 | 358740 | 100000 | 1348740 |
| 7 | എറണാകുളം | 350000 | 101*10000=1010000 | 672360 | 100000 | 2132360 |
| 8 | തൃശ്ശൂർ | 350000 | 100*10000=1000000 | 704100 | 100000 | 2154100 |
| 9 | പാലക്കാട് | 350000 | 96*10000=960000 | 673405 | 100000 | 2083405 |
| 10 | മലപ്പുറം | 350000 | 110*10000=1100000 | 755980 | 100000 | 2305980 |
| 11 | കോഴിക്കോട് | 350000 | 82*10000=820000 | 840980 | 100000 | 2110980 |
| 12 | വയനാട് | 350000 | 26*10000=260000 | 280065 | 100000 | 990065 |
| 13 | കണ്ണൂർ | 350000 | 88*10000=880000 | 597125 | 100000 | 1927125 |
| 14 | കാസർഗോഡ് | 350000 | 42*10000=420000 | 323850 | 1000000 | 1193850 |
| | ആകെ | 4900000 | 10730000 | 8016995 | 140000 | 25046995 |

# 6. ജില്ലാ തല പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ

1. തന്നിരിക്കുന്ന ഷെഡ്യൂൾ പ്രകാരം എല്ലാ പരിശീലനങ്ങളും പരിപാടികളും നടന്നു എന്ന് ഉറപ്പ് വരുത്തുക.
2. ജില്ലാമിഷൻ കോഡിനേറ്റർമാർ അസിസ്റ്റന്റ് മിഷൻ കോഡിനേറ്റർമാർ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

3. എല്ലാ ജില്ല പ്രോഗ്രാം മാനേജർമാർക്കും നിശ്ചിത എണ്ണം സി ഡി എസ്സുകളുടെ ചുമതല നൽകേണ്ടതാണ്.
4. ബ്ലോക്ക് കോഡിനേറ്റർമാർക്ക് അതത് ബ്ലോക്കുകളുടെ നടത്തിപ്പുചുമതല നൽകേണ്ടതാണ്.
5. ജില്ലാതല പരിശീലനത്തിൽ കമ്മ്യൂണിറ്റി കൗൺസിലർമാർ, ഒരു സി ഡി എസ്സിൽ നിന്നും ഒരു ജെൻഡർ ആർ പി, സാങ്കേതിക പരിജ്ഞാനമുള്ള ഒരു വ്യക്തിയും എന്ന തോതിലും പങ്കെടുക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഈ പരിശീലനം വിവിധ ബാച്ചുകളായി നടത്താവുന്നതാണ്.
6. ഈ പരിശീലനം ലഭിച്ചവരാണ് അയൽക്കൂട്ടത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഫെസിലിറ്റേറ്റർക്ക് (പ്രതിനിധി) അതത് പഞ്ചായത്തിൽ വച്ച് പരിശീലനം നൽകേണ്ടത്. ഈ പരിശീലനവും ബാച്ചുകളായി നടത്താവുന്നതാണ്.
7. . അയൽക്കൂട്ടത്തിൽ നിന്ന് സി ഡി എസ് തല പരിശീലനത്തിനായി വരുന്നവരുടെ വിവരങ്ങൾ റിസോഴ്സ്പേഴ്സൺമാർ മുൻകൂട്ടി ശേഖരിക്കുകയും മുഴുവൻപേരും പരിശീലനത്തിൽ പങ്കെടുത്തെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. .
8. ക്യാംപെയിൻ പ്രചരണത്തിനായി മുഴുവൻ അയൽക്കൂട്ടങ്ങളിലും നോട്ടീസ്/കത്ത് പോലുള്ള മാധ്യമങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.
9. അതത് പ്രദേശത്തെ അതിക്രമങ്ങളെ കുറിച്ച് ചർച്ചചെയ്യുമ്പോൾ ഇതുമായി ബന്ധപ്പെട്ട പത്രകട്ടിംഗുകൾ ന്യൂസുകൾ എന്നിവ ഫെസിലിറ്റേറ്റർമാർ ശേഖരിച്ച് വെക്കേണ്ടതാണ്.
10. സി ഡി എസ്സ് തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ചെയർപേഴ്സൺമാർ ചുമതലയേറ്റ ശേഷം അടിയന്തിരമായി ഇവരുടെ മീറ്റിങ്ങ് നടത്തി ക്യാംപെയിൻ പ്രവർത്തനങ്ങൾ വിശദീകരിക്കേണ്ടതാണ്.

## 6.1 മോണിറ്ററിങ്ങ്

**3.3**ൽ പറഞ്ഞപ്രകാരം 3 വാർഡുകളുടെ വരെ മോണിറ്ററിംഗ് ചുമതല റിസോഴ്സ്പേഴ്സൺമാർക്ക് നൽകേണ്ടതാണ്. ഈ റിസോഴ്സ്പേഴ്സൺന്റെ നേതൃത്വത്തിൽ അയൽക്കൂട്ട തലത്തിൽ ചർച്ചകളും പ്രവർത്തനങ്ങളും ഏകോപിപ്പിക്കേണ്ടത്. ചർച്ചയുടെ കൃത്യമായ ഡോക്യുമെന്റേഷൻ, മീറ്റിംഗ് മിനുട്സ്, ഫോട്ടോ എന്നിവ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ട ചുമതല അയൽക്കൂട്ട തല പ്രവർത്തനങ്ങൾ ഫെസിലിറ്റേറ്റ് ചെയ്ത പ്രതിനിധിയുടേതാണ്.

ജില്ലകളിൽ ഓരോ തലത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്തു എന്ന് ചുമതലയുള്ള എ ഡി എം സി ഉറപ്പാക്കേണ്ടതാണ്. എൻ എച്ച് ജി, സി ഡി എസ്സ് തലങ്ങളിൽ നടക്കുന്ന പരിപാടികളുടെ ഫോട്ടോകൾ പ്രത്യേകമായി തയ്യാറാക്കിയ സോഫ്റ്റ് വയറിൽ സി ഡി എസ്സിൽ വെച്ച് ചെയ്യാവുന്നതാണ്. പരിപാടിയിൽ പങ്കെടുത്തവരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തി അപ് ലോഡ് ചെയ്യാവുന്നതാണ്. പരിപാടിയുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖകൾ, കത്തുകൾ, നോട്ടീസുകൾ,റിപ്പോർട്ടുകൾ, ചിത്രകട്ടിംഗുകൾ, ഫോട്ടോകൾ എന്നിവയെല്ലാം ശേഖരിച്ച് പ്രത്യേക ഫയലിൽ സൂക്ഷിക്കണം

# 7. അയൽക്കൂട്ടഫെസിലിറ്റേറ്റർക്കുള്ള പ്രവർത്തന മാർഗ്ഗരേഖ

- അയൽക്കൂട്ട ഫെസിലിറ്റേറ്റർ ഗൈഡ് ലൈനും പരിശീലന മോഡ്യൂളും പൂർണ്ണമായും മുൻകൂട്ടി വായിച്ച് മനസ്സിലാക്കേണ്ടതാണ്.
- ചർച്ച നടത്തുമ്പോൾ താഴെ പറയുന്ന ക്രമത്തിൽ ചർച്ച നടത്തണം.
- ആമുഖം
  (എന്താണ് ഈ ക്യാമ്പയിൻ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ)
- മനോഭാവ വിശലകലന ഫോറത്തിലെ ഓരോ പ്രസ്താവനയും ഉച്ചത്തിൽ വായിക്കണം ഓരോ പ്രസ്താവനയോടും യോജിക്കുന്നവരുടെയും വിയോജിക്കുന്നവരുടെയും എണ്ണം പ്രസ്താവനയ്ക്ക് നേരെ എഴുതുക.
- ഓരോ വ്യക്തിയുടെയും മാനുഷിക ആവശ്യങ്ങൾ എന്തെല്ലാം എന്ന് ചർച്ച ചെയ്യുക. തന്നിരിക്കുന്ന മാർഗ്ഗരേഖ അനുസരിച്ച് ഒന്ന്, രണ്ട് ഉദാഹരണങ്ങൾ ഫെസിലിറ്റേറ്റർക്ക് പറയാവുന്നതാണ്.
- ചർച്ച ആരംഭിക്കുക :- ഫെസിലിറ്റേറ്റർ എന്താണ് ജെൻഡർ അധിഷ്ഠിത അതിക്രമങ്ങൾ എന്ന് അയൽക്കൂട്ട അംഗങ്ങളോട് ചോദിക്കുക
- ചർച്ചയ്ക്ക് ശേഷം അതിക്രമങ്ങളുടെ പട്ടികപ്പെടുത്തൽ നടത്തണം. മുൻപത്തെ പ്രവർത്തന രീതി പോലെ മറ്റുള്ള പട്ടികകളും പൂരിപ്പിക്കുക.
- അയൽക്കൂട്ട അംഗങ്ങളുടെ ഭക്ഷണം അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു സ്നേഹ വിരുന്നായി സംഘടിപ്പിക്കാവുന്നതാണ്.
- ഉച്ചയ്ക്ക് ശേഷം കുടുംബസംഗമമാണ് നടക്കേണ്ടത് തുടർന്ന് ചർച്ചയും മറ്റ് പ്രവർത്തനങ്ങളും
- പരിപാടിയുടെ മിനിട്സും പൂരിപ്പിച്ച ഫോറവും സി ഡി എസ്സിലേക്ക് കൈമാറുക
- പരിപാടിയുടെ രണ്ട് ഘട്ടങ്ങളിലും ഫെസിലിറ്റേറ്റർ ഫോട്ടോ എടുത്ത് സി ഡി എസ്സിൽ തയ്യാറാക്കിയ പ്രത്യേക സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിനായി നൽകേണ്ടതാണ്.

## 7.1 – ഡോക്യുമെന്റേഷൻ

- ഹാജർ രേഖപ്പെടുത്തി സൂക്ഷിക്കുക
- പരിപാടിയുമായി ബന്ധപ്പെട്ട് കത്തുകൾ, നോട്ടീസുകൾ, റിപ്പോർട്ടുകൾ, പത്രകട്ടിംഗുകൾ, ഫോട്ടോകൾ അവയെല്ലാം ഫയൽ ചെയ്ത് സൂക്ഷിക്കേതാണ്.
- പരിപാടിയുടെ മിനുട്സ് രേഖപ്പെടുത്താൻ അയൽക്കൂട്ടത്തിലെ ഒരംഗത്തിനെ ചുമതലപ്പെടുത്താവുന്നതാണ്.
- അയൽക്കൂട്ട സംഗമം നടക്കുന്ന ഇടത്തിൽ പരിപാടിയുടെ പേർ ചാർട്ട്പേപ്പറിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

അംഗീകാരത്തോടെ

അക്കൗണ്ട്സ് ഓഫീസർ
കുടുംബശ്രീ